കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വേലൂർ ഗ്രാമപഞ്ചായത്ത്

2016-17

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ(പി.6)1370/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ – 680 020
ഫോൺ: 0487 2331249
Email: dotsr.ksad@kerala.gov.in

തീയതി: 28.11.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വേലൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വേലൂർ ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വേലൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-3, 3-13 ഖണ്ഡികളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി.6)1370/2017 തിയ്യതി: 28.11.2017

## തൃശ്ശൂർ ജില്ലയിലെ വേലൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ വേലൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 13-12-2016 മുതൽ 08-08-2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2016 മുതൽ 31-03--2017 തിയ്യതി വരെവിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ 27 നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.യു.ചേക്കുട്ടി, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 09-08-2017 മുതൽ 17-08-2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.എം.എൽ. അഗസ്റ്റിൻ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.പ്രശാന്ത്.ടി.ജി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സുനിൽ.പി.ബി. | സീനിയർഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.രേഖ.സി | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ഷേർലി ദീലിപ്കുമാർ<br>01-04-2016 മുതൽ 31.03.17 വരെ | |
| സെക്രട്ടറി | ശ്രീ. ടി.പി.കുര്യൻ | 01-04-2016 മുതൽ<br>26-10-2016 വരെ |
| | ശ്രീമതി.മിനി.വി<br>(അസിസ്റ്റന്റ് സെക്രട്ടറി, സെക്രട്ടറി-ഇൻ ചാർജ്ജ്) | 27-10-2016 മുതൽ<br>29-12-2016 വരെ |
| | ശ്രീമതി. ശ്രീകല.വി.ജി. | 30-12-2016 മുതൽ<br>31-03-2017 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | ശ്രീമതി.മിനി കെ | 01-04-2016 മുതൽ<br>31-08-2016 വരെ |
| | ശ്രീ.സുമേഷ്.സി | 01-09-2016 മുതൽ<br>31-03-2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. നിമ്മി.ഇ.ആർ | 01-04-2016 മുതൽ<br>08-07-2016 വരെ |
| | ശ്രീമതി. ലീസാ.വി.എ. | 20-07-2016 മുതൽ<br>31-03-2017 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ.സ്മിത കൊച്ചുമോൻ | 01-04-2016 മുതൽ<br>31-03-2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.എസ്.ഷിബുകുമാർ | 01-04-2016 മുതൽ<br>31-03-2017 വരെ |
| വി.ഇ.ഒ. - തയ്യൂർ സർക്കിൾ | ശ്രീ.സജിത് തോമസ് എടക്കളത്തൂർ | 01-04-2016 മുതൽ<br>31-03-2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ലിഷ.എം.കെ. | 01-04-2016 മുതൽ<br>09-08-2016 വരെ |
| | ശ്രീമതി. ലിപ്സി.എം.വി. | 09-08-2016 മുതൽ<br>31-03-2017 |

| | | |
|---|---|---|
| | | വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.മിനി.വി | 01-04-2016 മുതൽ 31-03-2017 വരെ |
| ഡയറി ഡവലപ്പ്മെന്റ് ഓഫീസർ | ശ്രീമതി. മഞ്ജുഷ.ടി.വി. | 01-04-2016 മുതൽ 31-03-2017 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം 2 | |
| 11 | ടെണ്ടർ വിൽപ്പന- ഇ-ടെണ്ടർ ഫീ പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയിട്ടില്ല. | 2-1 |
| 12 | വസ്തുനികുതി പരിഷ്കരണം -ഇനിയും പരിഹരിക്കാത്ത അപാകതകൾ | 2-2 |
| 13 | തൊഴിൽ നികുതി അടവാക്കിയില്ല | 2-3 |
| 14 | പഞ്ചായത്ത് വക കെട്ടിടങ്ങൾ വാടകക്ക് നൽകുന്നത്-അപാകതകൾ | 2-4 |
| 15 | മത്സ്യലേലം-അപാകതകൾ | 2-5 |
| 16 | പെർമിറ്റ് എടുക്കാതെയുള്ള കെട്ടിട നിർമ്മാണം ക്രമവത്കരിക്കുന്നത്-പെർമിറ്റ് ഫീ ഈടാക്കിയില്ല | 2-6 |
| 17 | വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്ക് ലൈസൻസ് -അപാകതകൾ | 2-7 |
| | ഭാഗം 3 | |

| | | |
|---|---|---|
| 18 | എസ്.എസ്.എ വിഹിതം നൽകൽ- എസ്.സി.പി ഫണ്ട് പദ്ധതി മാർഗ്ഗരേഖാ നിബന്ധനകൾ പാലിക്കാതെ ചെലവഴിച്ചു | 3-1 |
| 19 | സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ - താഴെക്കാണിച്ചിട്ടുള്ള പട്ടികയിലെ വിഷയങ്ങൾ സംബന്ധിച്ച അപാകതകൾ പരിഹരിക്കേണ്ടതാണ്. | 3-2 |
| 20 | കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ നെൽവിത്ത് മുണ്ടകൻ പദ്ധതി- ധനകാര്യസ്ഥാപനത്തിന് സബ്സിഡി അനുവദിച്ചു | 3-3 |
| 21 | ലാപ് ടോപ്പ് വിതരണ പദ്ധതി - കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും വാങ്ങിയില്ല | 3-4 |
| 22 | അംഗൻവാടി പ്രവർത്തകർക്ക് അധികവേതനം പദ്ധതി- പിൻവലിച്ച തുകയിൽ ചെലവഴിക്കാതെ കൈവശം വച്ച 19,072/- രൂപ ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് തിരിച്ചടച്ചു | 3-5 |
| 23 | അമൃതം ഫുഡ് സപ്ലിമെന്റ് - വിതരണം ചെയ്യുന്ന സ്ഥാപനത്തിന് അധികം തുക നൽകി | 3-6 |
| 24 | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ട് - ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെടാത്തയാൾക്ക് ധനസഹായം നല്കി | 3-7 |
| 25 | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ നടപ്പിലാക്കിയ പ്രോജക്ട് - ഗുണഭോക്താക്കൾക്ക് മുഴുവൻ ധനസഹായവും വിതരണം ചെയ്തിട്ടില്ല | 3-8 |
| 26 | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി. നടപ്പിലാക്കിയ പ്രോജക്ട് - മാർഗ്ഗനിർദ്ദേശത്തിന്റെ ലംഘനം | 3-9 |
| 27 | ചെറുകുന്ന് കുടിവെള്ളപദ്ധതി- അപാകതകൾ. | 3-10 |
| 28 | പ്രവൃത്തി പൂർത്തീകരണം അനുവദനിയമായ കാലത്തിനുശേഷം- ദീർഘീകരണകാലത്തെ പിഴ ഈടാക്കാതെ ബിൽ സെറ്റ് ചെയ്ത് കാണുന്നു. | 3-11 |
| 29 | തൊഴിലുറപ്പ് പദ്ധതി-റോഡ് കോൺക്രീറ്റ് പ്രവൃത്തികളിൽ | 3-12 |

| | | |
|---|---|---|
| | വേതന/സാധന ഘടകത്തിൽ 60:40 എന്ന അനുപാതം പാലിക്കപ്പെട്ടില്ല. അവിദഗ്ധ തൊഴിലാളികളുടെ തൊഴിൽ സാധ്യത നഷ്ടപ്പെടുത്തുന്നു | |
| 30 | ടെണ്ടർ ഷെഡ്യൂൾ വാങ്ങാത്ത കരാറുകാരുടെ ടെണ്ടർ അംഗികരിച്ചു. ചെലവുതുക നിരാകരിക്കുന്നു. | 3-13 |
| 31 | മത്സരസ്വഭാവം പാലിച്ചില്ല. ഷെഡ്യൂൾ സമർപ്പിച്ച കരാറുകാരന്റെ ഏക ടെണ്ടർ അംഗീകരിച്ചു | 3-14 |
| 32 | ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ പ്രവൃത്തികൾ. വിശദാംശങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. | 3-15 |
| 33 | അംഗീകാരം ലഭിച്ച പ്രോജക്ട് ഉപേക്ഷിക്കുന്നു; ഇതുമൂലം മറ്റ് മേഖലകളിൽ ചെലവഴിക്കാനുള്ള പദ്ധതി പണം ഉപയോഗപ്പെടുത്തുന്നതിനുള്ള സാധ്യത നഷ്ടപ്പെടുത്തുന്നു | 3-16 |
| | ഭാഗം 4 | |
| 34 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 35 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 37 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 38 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 39 | ഓഡിറ്റ് റിക്കവറി | 4-6 |
| 40 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 42 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികളുടെ വിവരം | 4-9 |
| 43 | അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 25-03-2017 തിയതിയിലെ 1-ാം തീരുമാനപ്രകാരം അംഗീകരിച്ചു. ആയതുപ്രകാരം പ്രതീക്ഷിതവരവ് 98013331 രൂപയും പ്രതീക്ഷിത ചെലവ് 86504782 രൂപയും ആണ്.

# 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2017 | 25-07-2017 |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2016-17 | 14-08-2017 |

വാർഷികകണക്കിലെ അപാകതകൾ

വസ്തുനികുതികണക്കുകൾ പൊരുത്തപ്പെടുന്നില്ല

1) 31-03-2017 ന് വസ്തുനികുതിയിനത്തിൽ പിരിവുവരുത്തുന്നതിനായി നീക്കിയിരിപ്പുള്ള തുക താഴെ ചേർക്കുന്നു.

| വസ്തുനികുതി കുടിശിക, 5% ലൈബ്രറി സെസ്സ് ഉൾപ്പെടെ | |
|---|---|
| 2015-16 വർഷത്തെ AFS പ്രകാരമുള്ള നീക്കിയിരിപ്പിന്റെ അടിസ്ഥാനത്തിൽ | 12,86,893 |
| 2016-17 വർഷത്തെ AFSബാലൻസ് ഷീറ്റ് പ്രകാരം | 12,51,579 |
| 2016-17 വർഷത്തെ ഡിമാന്റ് രജിസ്റ്റർ പ്രകാരം | 12,21,692 |
| വസ്തുനികുതി 5% ലൈബ്രറി സെസ് ഉൾപ്പെടെ | |
| 2016-17 വർഷത്തെ AFS പ്രകാരമുള്ള ഡിമാന്റിന്റെ അടിസ്ഥാനത്തിൽ | 10,84,729 |
| 2016-17 വർഷത്തെ AFSബാലൻസ് ഷീറ്റ് പ്രകാരം | 8,36,533 |
| 2016-17 വർഷത്തെ ഡിമാന്റ് രജിസ്റ്റർ പ്രകാരം | 8,77,619 |

മേൽ വിവരിച്ച വസ്തുനികുതി നീക്കിയിരിപ്പ് കണക്ക്, 2015-16 ലെ വാർഷിക കണക്കുമായും, തൻ വർഷത്തെ തന്നെ ഡിമാന്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുമായി പൊരുത്തപ്പെടുന്നില്ല.

2) 2015-16 വർഷത്തിലെ വസ്തുനികുതിയിനത്തിൽ മുൻകൂറായി ഈടാക്കിയ തുക,2016-17 വർഷത്തെ നടപ്പുവർഷത്തെ വസ്തുനികുതിയിനത്തിൽ അഡ്ജസ്റ്റ് ചെയ്തതിൽ, ഡിമാന്റ് രജിസ്റ്റർ പ്രകാരം വ്യാപകമായ വ്യതിയാനങ്ങൾ കാണുന്നു. ഈകാര്യത്തിലുള്ള അപാകത പരിഹരിയ്ക്കാനായിട്ടില്ല എന്നും പരിഹാരത്തിനായി ഐ.കെ.എം-നെ അറിയിച്ചിട്ടുണ്ട് എന്ന മറുപടിയാണ് സെക്രട്ടറി അറിയിച്ചത്.

3) വാർഷിക കണക്കിലെ ഷെഡ്യൂളുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

| Literacy Scheme Grant | |
|---|---|
| Schedule:B-4 | Schedule:B-4 |

| | |
|---|---|
| 9,097 | 9,934 |
| 250200201 – Minor Irrigation- General | |
| Schedule:RP15 | Schedule:I-14 |
| 60,000 | 75,908 |
| 220210102 Stationery Expenses | |
| Schedule:RP12 | Schedule:I-11(b) |
| 2,08,611 | 2,09,624 |
| 220800199 Other Administative Expenses | |
| Schedule:RP12 | Schedule:I-11(b) |
| 1,86,941 | 1,87,466 |
| 252100101 Energy- Electrification of Street Lights - General | |
| Schedule:RP17 | Schedule:I-14(b) |
| 3,65,469 | 6,73,186 |

മേൽ വിവരിച്ച പ്രകാരം 2016-17-ലെ വിവിധ ഷെഡ്യൂളുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

4) ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയ തുക ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടില്ല

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക |
|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ നീട്ടുന്നതിന് | 7,002,621 |
| കെ.എസ്.ഇ.ബി | പോസ്റ്റ് മാറ്റുന്നതിന് | 95,587 |

ഈകാര്യത്തിൽ കെ.എസ്.ഇ.ബി യിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ലാത്തതാണ്. എന്നാൽ ബാക്കി തുക നിർവ്വഹണ ഏജൻസികൾക്കുള്ള ഡെപ്പോസിറ്റായി ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതാണ്.

5) നാളിതുവരെയുള്ള ആസ്തി ബാദ്ധ്യതാ കണക്കുകൾ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഈ കാര്യങ്ങൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ: 15തിയ്യതി: 17-08-2017-ന് തൃപ്തികരമായ മറുപടി നല്കുകയുണ്ടായില്ല.
2016-17 ലെ ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകളിലെ ഇൻകം&എക്സ്പെന്റിച്ചർ പത്രിക, രസീറ്റ്&പേയ്മെന്റ് പത്രിക, ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 58,40,151.71 |
| വരവ് | 4,87,71,662.00 |
| ആകെ | 5,46,11,813.71 |
| ചെലവ് | 4,69,15,463.00 |
| നീക്കിയിരിപ്പ് | 76,96,350.71 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് (RP 40 b പ്രകാരം) |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 99,29,835 | 99,29,835 | 99,29,835 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 59,76,759 | 59,76,759 | 59,76,759 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 15,687 | 15,687 | 15,687 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 43,26,076 | 43,26,076 | 43,26,076 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 16,78,289 | 16,78,289 | 16,78,289 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 37,96,013 | 37,96,013 | 37,96,013 | 0 |
| ലോക ബാങ്ക് സഹായം | 0 | 19,30,163 | 19,30,163 | 19,30,163 | 0 |
| എം.എൻ.ആർ.ഇ. ജി.എസ്. | 4,894 | 2,51,61,879 | 2,51,66,773 | 2,51,61,051.92 | 5,721.08 |

| ഫണ്ടിനം | 2016-17 സംസ്ഥാന ബജറ്റ് പ്രകാരമുള്ള അലോട്ട് മെന്റ് | തൻവർഷത്തെ അലോട്ട്മെന്റ് പ്രകാരം വരവ് | ചെലവ് | ചെലവ് ശതമാനം | സഞ്ചിത നിധിയിലേയ്ക്ക് തിരികെ പോയ സംഖ്യ |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1,08,01,112 | 1,08,01,112 | 99,29,835 | 91.93 | 8,71,277 |
| വികസനഫണ്ട് എസ്.സി.പി. | 71,49,006 | 71,49,006 | 59,76,759 | 83.60 | 11,72,247 |
| വികസനഫണ്ട് ടി.എസ്.പി. | 15,687 | 15,687 | 0 | 0 | 15,687 |
| സംരക്ഷണഗ്രാന്റ് റോഡ് | 1,31,98,827 | 1,31,98,827 | 43,26,076 | 32.78 | 88,72,751 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 29,25,855 | 29,25,855 | 16,78,289 | 57.36 | 12,47,566 |

| | | | | | |
|---|---|---|---|---|---|
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 60,57,290 | 60,57,290 | 37,96,013 | 62.67 | 22,61,277 |
| ലോക ബാങ്ക് സഹായം | 23,38,417 | 23,38,417 | 19,30,163 | 82.54 | 4,08,254 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്, (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 181 | 5,75,92,818 | 129 | 3,17,70,463 | 64 | 0 | 71.27 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 14.55 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 42,12,045 | 61,91,379 | (+)19,79,334 | (+)47 |
| നികുതിയേതര വരവുകൾ | 4,41,531 | 2,16,282 | (-)2,25,249 | (-)51.01 |
| മറ്റുവരവുകൾ | 37,11,306 | 7,39,545 | (-)29,71,761 | (-)80 |
| ആകെ | 83,64,882 | 71,47,206 | (-)12,17,676 | (-)14.55 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 3,19,680 | 173 |
| കർഷകതൊഴിലാളി പെൻഷൻ | 58,54,680 | 685 |
| വിധവാപെൻഷൻ | 1,28,17,210 | 1183 |
| വാർദ്ധക്യകാലപെൻഷൻ | 1,81,45,260 | 1569 |
| വികലാംഗപെൻഷൻ | 33,00,160 | 360 |
| 50 വയസ്സുകഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 16,96,140 | 171 |
| വിവാഹ ധനസഹായം | 2,10,000 | 7 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09-08-2017 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 43,571 രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07-08-2017 മുതൽ 08-08-2017 വരെ | ജൂലായ് -2017 | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08-12-2016 | 2010-11 മുതൽ 2015-16 വരെ | ലഭ്യമായിട്ടില്ല |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ടെണ്ടർ വിൽപ്പന- ഇ-ടെണ്ടർ ഫീ, വാറ്റ്- പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയിട്ടില്ല.

2016-17 വർഷം മരാമത്ത്പ്രവർത്തികൾ ഇ-ടെണ്ടർ നടത്തിയതിൽ ലഭിക്കേണ്ട സബ്മിഷൻ ഫീ പഞ്ചായത്ത് ഫണ്ടിൽ ലഭിച്ചതായി പരിശോധനയിൽ കണ്ടില്ല. ടി തുക എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്ന് ട്രാൻസ്ഫർ ചെയ്ത് ലഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 2-2 വസ്തുനികുതി പരിഷ്കരണം -ഇനിയും പരിഹരിക്കാത്ത അപാകതകൾ

സ.ഉ.(അ) നമ്പർ 20/2011/ തസ്വഭവ/14.1.11 പ്രകാരം പുറപ്പെടുവിച്ച കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയുംസേവനനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പുതിയ കെട്ടിടങ്ങൾക്ക് 14.1.11 മുതലും നിലവിലുള്ള കെട്ടിടങ്ങൾക്ക് 1.4.11 മുതലും പ്രാബല്യത്തിൽ വരുത്തിയിരുന്നു. സ.ഉ.(പി) നമ്പർ 88/2013/ തസ്വഭവ/13.3.13പ്രകാരം മേൽ ചട്ടങ്ങൾക്ക് ഭേദഗതി വരുത്തുകയും പ്രാബല്യതിയതി 1.4.13 ആക്കി മാറ്റുകയും ചെയ്തു. പിന്നീട് ചട്ടങ്ങളിലും നിയമത്തിലും നിരവധി ഭേദഗതികൾ നിലവിൽ വന്നു. മാത്രമല്ല വസ്തുനികുതി നിർണ്ണയത്തിന് സഞ്ചയ എന്ന സോഫ്റ്റ് വെയർ നിലവിൽ വരുകയും സഞ്ചയ സോഫ്റ്റ് വെയറും അക്കൗണ്ടിംഗ് സോഫ്റ്റ് വെയറായ സാംഖ്യയും തമ്മിൽ ഇന്റഗ്രേഷൻ നടത്തുകയും ചെയ്തു. എന്നാൽ പരിഷ്കരണം തുടങ്ങി 6 വർഷം കഴിഞ്ഞിട്ടും വസ്തുനികുതി നിർണ്ണയം കുറ്റമറ്റ രീതിയിലായിട്ടില്ല.

പ്രധാനമായും സഞ്ചയ സോഫ്റ്റ് വെയറിലെ അപാകതകളാണ് ഇതിനു കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. സഞ്ചയ സോഫ്റ്റ് വെയറിൽ താഴെ പറയുന്ന അപാകതകൾ ഇപ്പോൾ നിലനിൽക്കുന്നതായി പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

1. സഞ്ചയ ഡാറ്റാബേസിൽ ഡിമാന്റുകൾ ഓരോ ദിവസവും മാറികൊണ്ടിരിക്കുന്നു. ഏതു മാറ്റവും 2013-14

മുതൽ ബാധകമാകുന്ന രീതിയിലാണ് സോഫ്റ്റ് വെയറിൽ ക്രമീകരണങ്ങൾ നടത്തിയിരിക്കുന്നത്. ഉദാഹരണത്തിന് 2016-17 ലെ ഡിമാന്റ് ജനറേറ്റ് ചെയ്തതിനുശേഷവും 2017-18 ൽ സഞ്ചയയിൽ വരുത്തുന്ന മാറ്റം വീണ്ടും 2013-14 മുതൽ ബാധകമാകുകയും ഡിമാന്റ് മാറ്റം വരുകയും ചെയ്യുന്നു

2. 2013-14 വർഷത്തിലെ വസ്തു നികുതി ഈടാക്കിയത് പി.ഡി.ഇ (പോസ്റ്റ് ഡേറ്റഡ് എൻട്രി)നടത്തുമ്പോൾ നികുതി അഡ്വാൻസിലേയ്ക്ക് പോകുന്നതിനാൽ കളക്ഷനിൽ മാറ്റം വരുന്ന അവസ്ഥ നിലനിൽക്കുന്നുണ്ട്. ആയത് സഞ്ചയ ബുക്ക് അഡ്ജസ്റ്റ്മെന്റായി നിലനിലക്കുന്നതു കാരണം കളക്ഷനിൽ മാറ്റം വരുന്നു.
3. സഞ്ചയ ഡാറ്റാ ബേയ്സിൽ കളക്ഷൻ മുഴുവനായി രേഖപ്പെടുത്തുന്നുണ്ടെങ്കിലും, അധിക കളക്ഷൻ അഡ്വാൻസിൽ ക്രമീകരിക്കപ്പെടുന്നില്ല.
4. ഡി.സി.ബി.യിലെ ഡിമാന്റും സഞ്ചയയിൽ നിന്നും ലഭിക്കുന്ന മറ്റ് റിപ്പോർട്ടുകളിലെ ഡിമാന്റും പൊരുത്തപ്പെടുന്നില്ല.
5. ഡി.സി.ബി. റിപ്പോർട്ടിൽ കമേഴ്സ്യൽ, റസിഡൻഷ്യൽ എന്ന് തിരിച്ച് കാണിക്കുന്നില്ല.
6. വസ്തുനികുതി കുടിശ്ശിക വർഷം തിരിച്ച് ലഭിക്കുന്നുണ്ടെങ്കിലും, കൃത്യതയില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ:8 തിയ്യതി:16-08-17)

## 2-3 തൊഴിൽ നികുതി അടവാക്കിയില്ല

1)വേലൂർ ഗ്രാമപഞ്ചായത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങളുടെ 2016-2017 വർഷത്തെ സ്ഥാപനതൊഴിൽ നികുതി അടവാക്കിയതായി തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം | അടവാക്കേണ്ട നികുതി |
|---|---|---|---|
| 1 | ബി.എസ്.എൻ.എൽ | 1&2 | 2500 |
| 2 | മൾട്ടി പർപ്പസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 1&2 | 2500 |
| 3 | വേലൂർ പഞ്ചായത്ത് കാർഷിക കാർഷികേതര സംഘം | 1 | 1250 |
| ആകെ | | | 6250 |

2)താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | ടീസൺ പോളിമേഴ്സ് | 1 |
| 2 | വിൻദീപ് ട്രേഡ്സ് | 1 |
| 3 | ആബേൽ ഇൻഡസ്ട്രീസ് | 1 |
| 4 | ക്വാളിറ്റി പോളി പാക്ക് | 1 |
| 5 | വേലൂർ പഞ്ചായത്ത് കാർഷിക കാർഷികേതര സംഘം | 1 |

3.താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെതൊഴിൽ നികുതിഅടവാക്കിയതിൽ കുറവ് കാണുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേര് | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം | വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | രമാദേവി.കെ.ആർ | സെന്റ് സേവിയേഴ്സ് യു.പി സ്കൂൾ | 2 | 100500 (90000+8100+2400) | 1000 | 750 | 250 |
| 2 | ശോഭ ശശികുമാർ | O.I.E.T പബ്ലിക്ക്സ്കൂൾ | 1&2 | 30000 (5000x6) | 600 (300x2) | 360 (180x2) | 240 |
| 3 | ശുഭ മണികണ്ഠൻ | O.I.E.T പബ്ലിക്ക്സ്കൂൾ | 1&2 | 30000 (5000x6) | 600 (300x2) | 360 (180x2) | 240 |
| 4 | അഭിമന്യ നായിക് | ഇവോൾവ് പോളിമേഴ്സ് | 2 | 83400 (13900x6) | 750 | 600 | 150 |
| 5 | മനോജ്കുമാർ സാഹു | ഇവോൾവ് പോളിമേഴ്സ് | 2 | 77400 (12900x6) | 750 | 600 | 150 |
| 6 | അനിത ശ്രീനിവാസൻ | കാർണിവൽ കാറ്ററേഴ്സ് വിദ്യകോളേജ് | 1 | 45000 7500x6 | 450 | 180 | 270 |
| 7 | ആന്റോ.സിപി | ,, | ,, | 96000 (16000x6) | 750 | 180 | 570 |
| 8 | അതികുൽ ഇസ്ലാം | ,, | ,, | 50400 (8400x6) | 450 | 180 | 270 |
| 9 | ബീനി ചാക്കോ | ,, | ,, | 99000 (16500x6) | 750 | 450 | 300 |
| 10 | ദിവ്യ.വി.വി | ,, | ,, | 60000 (10000x6) | 600 | 300 | 300 |
| 11 | ജയലക്ഷ്മി | ,, | ,, | 81000 (13500x6) | 750 | 300 | 450 |
| 12 | ജോസഫീന | ,, | ,, | 45000 7500x6 | 450 | 180 | 270 |
| 13 | ലെനിൻ പുഷ്പരാജ് | ,, | ,, | 102000 (17000x6) | 1000 | 750 | 250 |
| 14 | മിഥുൻ രാജ് | ,, | ,, | 66000 11000x6 | 600 | 180 | 420 |
| 15 | മോനകുമാർ | ,, | ,, | 120000 (20000x6) | 1000 | 750 | 250 |
| 16 | മാത്യു തോമസ് | ,, | ,, | 78000 (13000x6) | 750 | 300 | 450 |
| 17 | പ്രിയ റോസ് പീറ്റർ | ,, | ,, | 60000 (10000x6) | 600 | 300 | 300 |
| 18 | സച്ചിൻ ജോൺ | ,, | ,, | 49500 (8250x6) | 450 | 180 | 270 |
| 19 | സീന ജോസ് | ,, | ,, | 45000 (7500x6) | 450 | 180 | 270 |
| 20 | താഹിറ | ,, | ,, | 45000 (7500x6) | 450 | 180 | 270 |
| 21 | വിജയകുമാരി | ,, | ,, | 45000 | 450 | 300 | 150 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | (7500x6) | | | |
| 22 | അനിൽകുമാർ | ,, | ,, | 45000 (7500x6) | 450 | 300 | 150 |
| ആകെ | | | | | | | 6240 |

4)ലൈസൻസ് ഫീ ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചപ്പോൾ ചില വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നതായി കാണുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | വ്യാപാരിയുടെപേര് | | പ്രതിദിന വിറ്റുവരവ് | അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|---|---|
| 1 | മുഹമ്മദ് സീതി | 433 | 15000 | 81000 | 1500 (750x2) | 900 (450x2) | 600 |
| 2 | സീനോ.സി.ഡി | 425 | 25000 | 135000 | 2500 (1250x2) | 1500 (750x2) | 1000 |
| 3 | റിയാസ് .കെ എസ് | 406 | - | 81000 | 1500 (750x2) | 900 (450x2) | 600 |
| ആകെ | | | | | | | 2200 |

തൊഴിൽ നികുതി അടവാക്കിയതിൽ കുറവ് വന്ന തുക/കുടിശ്ശിക എത്രയും പെട്ടെന്ന് ബന്ധപ്പെട്ട ജീവനക്കാരിൽ/സ്ഥാപനങ്ങളിൽ നിന്നും ഈടാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി11/16-08-17).

## 2-4 പഞ്ചായത്ത് വക കെട്ടിടങ്ങൾ വാടകക്ക് നൽകുന്നത്-അപാകതകൾ

വേലൂർ ഗ്രാമപഞ്ചായത്തിലെ 1/426 വൃദ്ധ വികലാംഗ മന്ദിരത്തിലെ 1ാം നമ്പർ മുറിയും കുടുംബശ്രീ കെട്ടിടത്തിലെ 12/346ാം നമ്പർ മുറിയും വാടകയ്ക്ക് യഥാക്രമം ഉഷസ്സ് കുടുംബശ്രീയുടെ ടൈലറിങ്ങ് യൂണിറ്റിനും ( വാടക പ്രതിമാസം 500 രൂപ) കുടുംബശ്രീയുടെ ഐ.റ്റി യൂണിറ്റിനും ( വാടക പ്രതിമാസം 500 രൂപ) നൽകിയിട്ടുണ്ട്. കെട്ടിടങ്ങൾവാടകക്ക് നൽകുന്നത് സംബന്ധിച്ച് ബൈലോ നിലവിൽ ഇല്ല. കൂടാതെ വാടകയിൽ നാളിതുവരെ യാതൊരു വർദ്ധനവും വരുത്തിയിട്ടില്ല.

കുടുംബശ്രീയുടെ ഐ.റ്റി യൂണിറ്റുമായുള്ള(12/346ാം നമ്പർ മുറി) വാടക കരാറിന്റെ കാലാവധി 31/12/2015 ന് അവസാനിച്ചു. ആയത് പുതുക്കിയിട്ടില്ല. ഉഷസ്സ് കുടുംബശ്രീയുടെ ടൈലറിങ്ങ് യൂണിറ്റുമായുള്ള കരാർ പുതുക്കിയിട്ടുണ്ടെങ്കിലും പുതുക്കിയ കരാറിൽ കരാർ കാലാവധി , വാടക നിരക്ക്, ഫൈൻ എന്നിവ സംബന്ധിച്ച് വ്യവസ്ഥകളില്ല. (ഓഡിറ്റ് എൻക്വയറി12/16-08-17).

## 2-5 മത്സ്യലേലം-അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള കുളങ്ങളിലെ മത്സ്യലേലത്തിനനുബന്ധിച്ച് ലേലനോട്ടീസ് നമ്പർ എ4-2790/15തീയതി. 28.06.16 പ്രകാരം ലേലം കൊണ്ട വ്യക്തി ലേലത്തുകയോടൊപ്പം 200 രൂപ /ലേലത്തുകയുടെ 5% ഏതാണോ അധികം അത്രയും സംഖ്യക്കുള്ള മുദ്രപ്പത്രത്തിൽ പഞ്ചായത്തുമായി കരാർ വെക്കുവാനും വ്യവസ്ഥ ചെയ്തിരുന്നു. എല്ലാവരും 200 രൂപയുടെ മുദ്രപ്പത്രത്തിൽ പഞ്ചായത്തുമായി കരാർ വെക്കേണ്ടതായിരുന്നു. എന്നാൽ ജോർജ്ജ്, സേവി, ഗിരീഷ്, പരീത് എന്നിവർ 100 രൂപ മുദ്രപ്പത്രത്തിലാണ് കരാർ തയ്യാറാക്കിയിട്ടുള്ളത്. കൂടാതെ കൊത്തുകുളം ലേലം കൊണ്ട പ്രജുവിന്റെ കരാർ പരിശോധനക്ക്

ലഭിച്ചില്ല (ഓഡിറ്റ് എൻക്വയറി13/16-08-17). ലേലം കൊണ്ടവരിലെ മുദ്രപത്രം ഇനത്തിലെ കുറവ് 400/- രൂപയും ഹാജരാക്കാത്ത കരാറിന്റെ മുദ്രപത്രമൂല്യവും ബന്ധപ്പെട്ട ശീർഷകത്തിൽ അടച്ച് ചലാൻ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 2-6 പെർമിറ്റ് എടുക്കാതെയുള്ള കെട്ടിട നിർമ്മാണം ക്രമവത്കരിക്കുന്നത്-പെർമിറ്റ് ഫീ ഈടാക്കിയില്ല.

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 135 ഉപചട്ടം 3 പ്രകാരം,കെട്ടിട നിർമ്മാണം ക്രമവത്കരിക്കുന്നതിനുള്ള അപേക്ഷ ഒരു പുതിയ പെർമിറ്റിനു വേണ്ടിയുള്ള അപേക്ഷയുടെ കാര്യത്തിലെന്ന പോലെയായിരിക്കണമെന്ന വ്യവസ്ഥ ചെയ്യുന്നു. ആയതിന്റെ ക്രമവത്കരിക്കേണ്ട അപേക്ഷയോടൊപ്പം രാജിയാക്കൽ ഫീസിനോടൊപ്പം പെർമിറ്റ് ഫീസും ഈടാക്കേണ്ടതാണ്. ഇതിൽ നിന്നും വ്യത്യസ്തമായി പെർമിറ്റ് എടുക്കാതെ പണിത കെട്ടിട ഉടമകളിൽ നിന്നും രാജിയാക്കൽ ഫീസ് മാത്രമാണ് ഈടാക്കിയിട്ടുള്ളത്. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പേര് | കെട്ടിട നമ്പർ | ഏരിയ | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|---|
| 1 | വിജീഷ് | XV/147A | 131.81 | 1188 | 792 | 396 |
| 2. | ആൻറണി | XII/351A | 155 | 1395 | 926 | 469 |
| 3 | ചാക്കുണ്ണി | III/94A | 37.41 | 562 | 370 | 192 |
| 4 | സത്യൻ | XV/118A | 132.62 | 1194 | 796 | 398 |
| 5 | രത്നകുമാരി | I/350A | 168.86 | 1520 | 1014 | 506 |
| 6 | ഗോപി എന്ന ഗോവിന്ദൻ | IX/329A | 30.67 | 461 | 310 | 151 |
| 7 | തിലകരാജ് | XV/580C | 142.64 | 1287 | 858 | 429 |
| 8 | ,, | XV/580B | 140.87 | 1269 | 846 | 423 |
| 9 | മേരിക്കുട്ടി മുതൽപേർ | XII/403D | 212.52 | 1917 | 1278 | 639 |
| 10 | ഹസ്സനാർ | III/327A | 156.89 | 1413 | 942 | 471 |
| 11 | ഉദയകുമാർ | VIII/1A&IB | 42.18 | 645 | 430 | 215 |
| 12 | സുധി ശങ്കർ | V/60A | 8.46 | 135 | 90 | 45 |
| 13 | ശങ്കരൻകുട്ടി | I/110A | 161 | 1449 | 966 | 483 |
| ആകെ | | | | | | 4817 |

കുറവു വന്ന തുക എത്രയും പെട്ടെന്ന് ഈടാക്കേണ്ടതാണ്.

## 2-7 വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്ക് ലൈസൻസ് -അപാകതകൾ

വേലൂർ ഗ്രാമപഞ്ചായത്തിൽ നിന്നും 2016-17 വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടുള്ളത് പലപ്പോഴും മതിയായ രേഖകൾ ഇല്ലാതെയാണ്. അപേക്ഷകളിൽ പലതിനുമൊപ്പം ആവശ്യമായ സാനിറ്ററി സർട്ടിഫിക്കറ്റ്, 30 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ബാഗുകൾ നിരോധിച്ച് കൊണ്ടുള്ള മലിനീകരണ നിയന്ത്രണ ബോർഡിന്റെ വിജ്ഞാപനം പാലിക്കുന്നുണ്ടെന്ന സത്യവാങ്മൂലം

എന്നിവയില്ല. ലൈസൻസ് ഫീസ്, വ്യാപാരികളുടെ തൊഴിൽ നികുതി എന്നിവ നിശ്ചയിക്കുന്നത് അവരുടെ പ്രതിദിന വിറ്റുവരവിനെ അടിസ്ഥാനമാക്കിയാണ് എന്നിരിക്കെ പല അപേക്ഷകളിലും ആയത് രേഖപ്പെടുത്തിയിട്ടില്ല. അപൂർണ്ണമായ അപേക്ഷകളിൽ ലൈസൻസ് അനുവദിക്കുന്നത് ഉചിതമായ നടപടിയല്ല.

ശ്രീ മാത്യു എം പത്രോസ്, എസ് കെ ഇൻഡസ്ട്രീസ്, തയ്യൂർ എന്ന സ്ഥാപനത്തിനായി സമർപ്പിച്ച അപേക്ഷയിൽ യന്ത്രസാമഗ്രികളുടെ പവർ 260 എച്ച് പി എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. അപേക്ഷക്കൊപ്പമുള്ള മലിനീകരണ നിയന്ത്രണ ബോർഡിന്റെ മുൻ അനുമതിയിൽ യന്ത്രസാമഗ്രികളുടെ പവർ 595 എച്ച് പി + ഡിജി സെറ്റ് 300 കെ വി എ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ലൈസൻസിനുള്ള അപേക്ഷയിൽ കാണിച്ചതിനേക്കാൾ അധികം യന്ത്രസാമഗ്രികൾ ഉപയോഗിയ്ക്കുന്നുണ്ടോ എന്ന് സ്ഥലപരിശോധന നടത്തി ഉറപ്പാക്കേണ്ടതും ഉണ്ടെങ്കിൽ ആ ഇനത്തിൽ അധികം ഈടാക്കേണ്ട ലൈസൻസ് ഫീസ് മുൻകാല പ്രാബല്യത്തോടെ ഈടാക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 എസ്.എസ്.എ വിഹിതം നൽകൽ- എസ്.സി.പി ഫണ്ട് പദ്ധതി മാർഗ്ഗരേഖാ നിബന്ധനകൾ പാലിക്കാതെ ചെലവഴിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പദ്ധതി നമ്പർ : S0091/17

അടങ്കൽ : 1,50,000/-

ചെലവ് : 1,50,000/-

ട്രഷറി ബിൽ : 13/16-17 dt. 26.09.16

2016-17 സാമ്പത്തികവർഷത്തേക്ക് ബാധകമായ പദ്ധതി മാർഗ്ഗരേഖ ജി.ഒ.(എം.എസ്)നം. 04/2016 /തസ്വഭവ തി.11.01.16, ഖണ്ഡിക 9. ii പ്രകാരം എസ്.എസ്.എ വിഹിതം വകയിരുത്തുന്നത് വിദ്യാലയങ്ങളിലെ പൊതുവിഭാഗം, എസ്.സി, എസ്.റ്റി. കുട്ടികളുടെ എണ്ണത്തിന്റെ അനുപാതത്തിലാണ്. ആയതിനായി ഓരോ സ്കൂളിലേയും ഓരോ വിഭാഗം കുട്ടികളുടേയും എണ്ണവും ശതമാനവും സംബന്ധിച്ച സ്കൂൾ ഹെഡ്മാസ്റ്ററുടെ സാക്ഷ്യപത്രം നിർബന്ധമായും പ്രൊജക്ടിനൊപ്പം സമർപ്പിക്കേണ്ടതുണ്ട്. അപ്രകാരം ചെയ്യാതെ ടി വർഷത്തിൽ എസ്.എസ്.എ വിഹിതം നൽകുന്നതിനായി 1,50,000/- രൂപ എസ്.സി.പി ഫണ്ട് വകയിരുത്തി ചെലവഴിച്ചതായി കാണുന്നു. മാർഗ്ഗരേഖാനിർദ്ദേശങ്ങൾ പാലിക്കാതെ എസ്.സി.പി ഫണ്ട് ചെലവഴിച്ചത് ശരിയായ നടപടിയല്ല. 2016-17 വർഷം ഓരോ സ്കൂളിലും എസ്.സി. വിഭാഗത്തിൽ എത്ര കുട്ടികൾ ഉണ്ടായിരുന്നുവെന്നത് ഹെഡ്മാസ്റ്ററുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തുകയും വകയിരുത്തിയ വിഹിതം അധികമായിട്ടില്ലെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 3-2 സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ - താഴെക്കാണിച്ചിട്ടുള്ള പട്ടികയിലെ വിഷയങ്ങൾ സംബന്ധിച്ച അപാകതകൾ പരിഹരിക്കേണ്ടതാണ്.

| ക്രമ നം | പദ്ധതി വിശദാംശങ്ങൾ | ചെലവഴിച്ച തുക | ട്രഷറി ബിൽ | വിഷയം |
|---|---|---|---|---|
| 1 | ഐ.എ.വൈ വിഹിതം (ജനറൽ), S0036/17, ഫണ്ട്- വികസനഫണ്ട് (പൊതുവിഭാഗം) | 2,60,000/- | 15/16-17dt.26.09.16, 80,000/- 30/16-17dt.20.02.17, 1,80,000/- | വിനിയോഗ സാക്ഷ്യപത്രം ഇല്ല. |
| 2 | ഐ.എ.വൈ വിഹിതം (എസ്.സി.പി), S0037/17, ഫണ്ട്- വികസനഫണ്ട് (എസ്.സി.പി) | 1,80,000/- | 17/16-17dt.26.09.16, 1,00,000/- 31/16-17dt.20.02.17, 80,000/- | വിനിയോഗ സാക്ഷ്യപത്രം ഇല്ല. |
| 3 | ഐ.എ.വൈ അധികവിഹിതം (എസ്.സി.പി), S0038/17, ഫണ്ട്- വികസനഫണ്ട് (എസ്.സി.പി) | 16,00,000/- | 11/16-17 dt.26.09.16, 12,00,000/- 32/16-17dt.20.02.17, 4,00,000/- | വിനിയോഗ സാക്ഷ്യപത്രം ഇല്ല |
| 4 | എസ്.എസ്.എ വിഹിതം നൽകൽ (ജനറൽ), S0039/17, ഫണ്ട്- വികസനഫണ്ട് (പൊതുവിഭാഗം) | 3,00,000/- | 09/16-17dt.26.09.16, 3,00,000/- 13/16-17 dt.26.09.16, 1,50,000/- | എസ്.എസ്.എ നൽകിയ വിനിയോഗസാക്ഷ്യപത്ര പ്രകാരമുള്ള ചെലവുതുക 9,01,519/- രൂപയാണ്. ആയതിന്റെ 40% മാത്രമാണ് ഗ്രാമപഞ്ചായത്ത് നൽകേണ്ടത്. 3,60,608/- രൂപ നൽകേണ്ടതിന് 4,50,000/- രൂപ നൽകിയിട്ടുണ്ട്. അധികം നൽകിയ തുക 89,392/- രൂപ അടുത്ത വർഷം നൽകുന്ന വിഹിതത്തിൽ ക്രമീകരിക്കേണ്ടതാണ്. |
| 5 | എസ്.എസ്.എ വിഹിതം നൽകൽ (എസ്.സി.പി), S0091/17, ഫണ്ട്- വികസനഫണ്ട് (എസ്.സി.പി) | 1,50,000/- | | |
| 6 | ഹോമിയോ മരുന്ന് വാങ്ങൽ, S0093/17, വികസനഫണ്ട്(പൊതുവിഭാഗം) | 1,50,000/- | 25/16-17dt.04.02.17, 1,50,000/- | മരുന്നുകൾ ലഭ്യമായിട്ടില്ല |

## 3-3 കൃഷി ഓഫീസ്ര നിർവ്വഹണം നടത്തിയ നെൽവിത്ത് മുണ്ടകൻ പദ്ധതി- ധനകാര്യസ്ഥാപനത്തിന് സബ്സിഡി അനുവദിച്ചു.

പ്രൊജക്റ്റ് നമ്പർ : S0116/17

അടങ്കൽ : 8,22,400/-

ഫണ്ട് : വികസനഫണ്ട് (പൊതു) - 6,22,400/-

ബ്ലോക്ക് പഞ്ചായത്ത് - 2,00,000/-

ട്രഷറി ബിൽ : 01/16-17 dt. 15.11.16, തുക- 6,22,000/-

എ) തൃശ്ശൂർ, കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റിയിൽ നിന്നും ബിൽ നമ്പർ 980/16-17 dt. 26-08-16 പ്രകാരം വാങ്ങിയ 10020 കി.ഗ്രാം ഉമ നെൽവിത്തിൽ 1470 കി.ഗ്രാം വിത്ത് വേലൂർ അർണ്ണോസ് നഗർ തെക്കേപ്പാടം പാടശേഖരസമിതിക്കാണ് നൽകിയിട്ടുള്ളത്. രേഖകൾ പ്രകാരം പാടശേഖരസമിതിയുടെ 27 ഏക്കർ ഭൂമിയിൽ കൃഷിചെയ്തിട്ടുള്ളത് വേലൂർ സർവീസ് സഹകരണ ബാങ്ക് ആണ്. പാടശേഖരസമിതിയുടെ വിതരണ സ്റ്റേറ്റ്മെന്റ് പ്രകാരം 810 കി.ഗ്രാം നെൽവിത്ത് വേലൂർ സർവീസ് സഹകരണബാങ്കിന് കൈമാറിയതായി കാണുന്നു. 2016-17 വർഷത്തേക്ക് ബാധകമായ പദ്ധതി/സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്) നം. 4/2016/തസ്വഭവ തി. 11.01.16 പ്രകാരം കർഷകർ, പാട്ടകൃഷി നടത്തുന്ന ഗ്രൂപ്പുകൾ, വ്യക്തികൾ, പാട്ടഭൂമിയിൽ കൃഷി നടത്തുന്ന കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, കുടുംബശ്രീ സംഘകൃഷി ഗ്രൂപ്പുകൾ എന്നിവർക്കാണ് സബ്സിഡി ആനുകൂല്യം നൽകാവുന്നത്. ധനകാര്യസ്ഥാപനമായ ബാങ്കിന് സബ്സിഡിക്ക് അർഹതയില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 03/11.08.17 ന് തൃപ്തികരമായ മറുപടി ലഭിച്ചില്ല. ആയതിനാൽ, സഹകരണബാങ്കിന് സബ്സിഡി ഇനത്തിൽ കൈമാറിയ വിത്തിന്റെ വില 32,400/- രൂപ (810 kg x 40/-) തടസ്സപ്പെടുത്തുന്നു.

ബി) മേൽപദ്ധതിയിലെ ബ്ലോക്ക് പഞ്ചായത്ത് വിഹിതം പദ്ധതി നിർവ്വഹണത്തിലെ മുഖ്യപങ്കാളിയായ ഗ്രാമപഞ്ചായത്ത് മുഖേനയല്ല ചെലവഴിച്ചുകാണുന്നത്. ബ്ലോക്ക് പഞ്ചായത്ത് നേരിട്ട് ചെലവഴിച്ചുവെന്ന് വിശദീകരണം നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയിട്ടില്ല. കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റിക്ക് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും തുക നൽകിയതിന്റെ വിവരങ്ങളും ഫയലിൽ ലഭ്യമല്ല. രേഖകൾ ഹാജരാക്കേണ്ടതും സംയുക്തപദ്ധതികളുടെ നിർവ്വഹണം ജി.ഒ.(എം.എസ്) നം. 187/2015/Fin dt. 19.05.15 ലെ നിബന്ധനകൾക്ക് വിധേയമായി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-4 ലാപ് ടോപ്പ് വിതരണ പദ്ധതി - കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും വാങ്ങിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥ : അസിസ്റ്റന്റ് സെക്രട്ടറി
പ്രൊജക്റ്റിന്റെ പേര് : എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്

പ്രൊജക്റ്റ് നമ്പർ : S0165/17

അടങ്കൽ : 4,75,000/-

ഫണ്ട് : വികസനഫണ്ട് (എസ്.സി.പി)

ചെലവുതുക : 4,49,350/-

മേൽപദ്ധതിയിൽ വാങ്ങിയ ലാപ് ടോപ്പിന് (Acer) താഴെപ്പറയും പ്രകാരമാണ് നിരക്കുകൾ ലഭിച്ചത്.

| സ്ഥാപനം | നിരക്ക് | ലാപ് | സ്പെസിഫിക്കേഷൻ |
|---|---|---|---|

| | | | |
|---|---|---|---|
| | | ടോപ്പ് | |
| എഡോട്ട്കമ്പ്യൂട്ടേഴ്സ്, തൃശ്ശൂർ | 22523.81 | Acer / Lenovo | Intel Pentium quadcore processor,<br>4 GB RAM, 500 GB HDD, DVDW, BT, Wifi, Camera, DOS, 15.6 " screen, carry bag, adaptor,<br>1 year warranty |
| വിശ്വാസ് കമ്പ്യൂട്ടേഴ്സ്, കുന്നംകുളം | 22250 | Acer | Intel pentium quadcore processor, 4 GB RAM, 500 GB HDD, DVDRW, BT, Wifi, Camera, DOS, 15.6 " LED screen, carry bag<br>1 year warranty |
| നെറ്റ്കോം മാർക്കറ്റിംഗ് സർവീസസ്, തൃശ്ശൂർ | 23950 | Acer | Intel quadcore processor, 4 GB RAM, 500 GB HDD, DVD Writer, BT, Wifi, Camera, DOS, carry bag<br>1 year warranty |

മേൽപട്ടിക പ്രകാരം, ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത വിശ്വാസ് കമ്പ്യൂട്ടേഴ്സിൽ നിന്നും ലാപ് ടോപ് വാങ്ങാതെ എ ഡോട്ട് കമ്പ്യൂട്ടേഴ്സിൽ നിന്നാണ് വാങ്ങിയിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 01/10.08.17 ന് നൽകിയ മറുപടി തൃപ്തികരമല്ല. കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും ലാപ് ടോപ് വാങ്ങാത്തതിനാൽ 5202/- (22523.81- 22250 = 273.81 x 19 എണ്ണം) രൂപ അധികം നൽകേണ്ടി വന്നിട്ടുണ്ട്. ടി തുകയുടെ ചെലവ് നിരാകരിക്കുന്നു.

## 3-5 അംഗൻവാടി പ്രവർത്തകർക്ക് അധികവേതനം പദ്ധതി- പിൻവലിച്ച തുകയിൽ ചെലവഴിക്കാതെ കൈവശം വച്ച 19,072/- രൂപ ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് തിരിച്ചടച്ചു.

നിർവ്വഹണ ഉദ്യോഗസ്ഥ : ഐ.സി.ഡി.എസ്. സൂപ്പർവൈസർ

പദ്ധതി നമ്പർ : S0105/17

അടങ്കൽ : 10,51,200/-

ഫണ്ട് : വികസനഫണ്ട് (പൊതു)- 1,39,705/-

തനത് ഫണ്ട് : 9,11,495/-

അംഗൻവാടി പ്രവർത്തകർക്ക് അധികവേതനം പദ്ധതിയിൽ സുലേഖ സോഫ്റ്റ് വെയറിലെ ചെലവുപത്രിക പ്രകാരമുള്ള ആകെ ചെലവ് 10,51,200/- രൂപയാണ്. എന്നാൽ, ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ കാഷ്ബുക്ക്, പദ്ധതിയുമായി ബന്ധപ്പെട്ട മറ്റ് രേഖകൾ എന്നിവയുടെ പരിശോധനയിൽ 10,32,128/- രൂപയാണ് വിതരണം ചെയ്തതായി കണ്ടത്. ബാക്കിതുക 19,072/- രൂപ തിരികെ അടവാക്കിയിരുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 9/16.08.17 ന് നൽകിയ മറുപടിയിൽ രസീത് നമ്പർ

117240102498/ 16.08.17 പ്രകാരം 19072/- രൂപ പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കിയിട്ടുണ്ട്. അടവാക്കിയ തുക 'എ' ഫണ്ട് ആയതിനാൽ സാമ്പത്തിക വർഷത്തിനുശേഷമുള്ള തിരിച്ചടവ് സർക്കാരിന്റെ സഞ്ചിതനിധിയിലേക്ക് നടത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-6 അമൃതം ഫുഡ് സപ്ലിമെന്റ് - വിതരണം ചെയ്യുന്ന സ്ഥാപനത്തിന് അധികം തുക നൽകി

നിർവ്വഹണ ഉദ്യോഗസ്ഥ : ഐ.സി.ഡി.എസ് സൂപ്പർവൈസർ
പ്രൊജക്റ്റ് നമ്പർ : S0102/17

അടങ്കൽ :15,00,000/-

ഫണ്ട് : വികസനഫണ്ട് (പൊതു) - 10,00,000/-

കേന്ദ്രാവിഷ്കൃതഫണ്ട് - 5,00,000/-

ബന്ധപ്പെട്ട ട്രഷറി ബിൽ : 8/16-17 dt. 30.03.17, തുക- 81,860/-

മേൽ വിശദാംശങ്ങൾ പ്രകാരമുള്ള ബിൽ അനുസരിച്ച് അമൃതം ഫുഡ് സപ്ലിമെന്റ് സി.എഫ്.സി യൂണിറ്റ്, തോളൂർ നൽകിയ ബില്ലുകൾ (നമ്പർ 178/- തുക -59,214/-, 195/12.01.17, തുക- 12,306/-, 210/16.02.17, തുക – 7332/-) പ്രകാരം ആകെ 78,852/- രൂപയാണ് മേൽ സ്ഥാപനത്തിന് നൽകുവാനുള്ളത്. എന്നാൽ, 80,982/- രൂപ ടി സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. 2130/- രൂപ അധികം നൽകിയിട്ടുണ്ട്. ടി ചെലവ് നിരാകരിക്കുന്നു.

## 3-7 വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ട് - ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെടാത്തയാൾക്ക് ധനസഹായം നല്കി

പ്രോജക്ട് നമ്പർ:106/2017 വനിത വീട് പുനരുദ്ധാരണം (ജനറൽ)

ട്രഷറി ബിൽ നമ്പർ:3/2016-17 dt.29-12-2016, തുക:₹1,00,000/-

5/2016-17 dt.21-02-2017, തുക:₹70,000/-

7/2016-17 dt.28-02-2017, തുക:₹50,000/-

9b/2016-17 dt.24-03--2017, തുക:₹90,000/-

11/2016-17dt.30-03--2017, തുക:₹90,000/

ആകെ:₹4,00,000/-

ശ്രീമതി.ഗീതവിജയൻ എന്ന പദ്ധതി ഗുണഭോക്താവ്, ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഒപ്പിട്ടുനല്കിയ ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്തതാണ്. ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെടാത്തയാൾക്ക് ധനസഹായം,₹20,000 (ട്രഷറി ബിൽ നമ്പർ: 11/2016-17, dt.30.03.2017) അനുവദിച്ചതിലുള്ള കാരണം കാണിക്കുന്ന രേഖ ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയിട്ടില്ലാത്തതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് പ്രകാരം ശ്രീമതി.ഗീതവിജയന് അനുവദിച്ച ₹20,000/- ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ:2 തിയ്യതി:11-08-17)

## 3-8 ഡയറി എക്സ്റ്റെൻഷൻ ഓഫീസർ നടപ്പിലാക്കിയ പ്രോജക്ട് - ഗുണഭോക്താക്കൾക്ക് മുഴുവൻ ധനസഹായവും വിതരണം ചെയ്തിട്ടില്ല

പ്രോജക്ട് നമ്പർ:164/2017 ക്ഷീര സംഘങ്ങൾ മുഖേന ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി

ട്രഷറി ബിൽ നമ്പർ:1/2016-17 dt.29-03-2017, തുക:₹2,15,236/-

ട്രഷറി ചെക്ക് നമ്പർ:0261906 dt.27-03-2017, തുക:₹1,04,994/-

0261905 dt.27-03-2017, തുക:₹1,05,000/-

0261904 dt.27-03-2017, തുക:₹2,13,803/-

0261907 dt.27-03-2017, തുക:₹61,580/-

ആകെ:₹7,00,613/-

പദ്ധതി പ്രകാരം മേൽ പറഞ്ഞ തുക ഗ്രാമപഞ്ചായത്തിലെ നാല് ക്ഷീര സംഘങ്ങൾ മുഖേനെ ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് പാലിന് സബ്സിഡിയായി വിതരണം ചെയ്യുന്നതിന് വിഭാവനം ചെയ്തിരിക്കുന്നു.

| ക്രമ നം | ക്ഷീര സംഘത്തിന്റെ പേര് | ബാങ്ക് അക്കൗണ്ട് നമ്പർ | പദ്ധതി പ്രകാരം കൈമാറിയതുക |
|---|---|---|---|
| 1 | വേലൂർ -കുറുമാൽ ക്ഷീരോത്പാദക സഹകരണ സംഘം ആർ 201(ഡി) | 0854101050036 കനറാ ബാങ്ക് കുന്നംകുളം ബ്രാഞ്ച് | 2,61,763 |
| 2 | തയ്യൂർ ക്ഷീരോത്പാദക സഹകരണ സംഘം ആർ 210(ഡി) | 0723101064093 കനറാ ബാങ്ക് വടക്കാഞ്ചേരി ബ്രാഞ്ച് | 2,15,270 |
| 3 | പുലിയന്നൂർ ക്ഷീരോത്പാദക സഹകരണ സംഘം ആർ 202 (ഡി) | 0854101050314 കനറാ ബാങ്ക് കുന്നംകുളം ബ്രാഞ്ച് | 1,62,000 |
| 4 | കിരാലൂർ ക്ഷീരോത്പാദക സഹകരണ സംഘം ആർ 219(ഡി) | 3479101003069 കനറാ ബാങ്ക് കൈപ്പറമ്പ് ബ്രാഞ്ച് | 61,580 |
| ആകെ | | | 7,00,613 |

മേൽ പറഞ്ഞ പ്രകാരം ക്ഷീര സംഘങ്ങളുടെ അക്കൗണ്ടുകളിൽ നിന്ന് ക്ഷീരകർഷകരുടെ അക്കൗണ്ടുകളിലേക്ക് നല്കുന്നതിനായി അനുവദിച്ച സബ്സിഡിതുക പൂർണ്ണമായും ക്ഷീരകർഷകരുടെ

അക്കൗണ്ടുകളിലേയ്ക്ക് മാറ്റപ്പെട്ടിട്ടില്ലാത്തതാണ്. വേലൂർ-കുറുമാൽ ക്ഷീരോത്പാദക സഹകരണ സംഘം ആർ 201(ഡി)യിലെ 3 കർഷകർക്കും, പുലിയന്നൂർ ക്ഷീരോത്പാദക സഹകരണ സംഘം ആർ 202 (ഡി) യിലെ 15 കർഷകർക്കും നാളിതുവരെ തുക ട്രാൻസഫർ ചെയ്യുന്നതിനായിട്ടില്ലെന്ന് ഡയറി എക്സ്റ്റെൻഷൻ ഓഫീസർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നല്കിയിട്ടുള്ളതാണ്. വേലൂർ-കുറുമാൽ ക്ഷീരോത്പാദക സഹകരണ സംഘം ആർ 201(ഡി)യുടെ അക്കൗണ്ടിൽ 31-07-2017ന് ₹7,639 ബാലൻസ് ഉള്ളതായി പരിശോധനയിൽ കണ്ടു. എന്നാൽ പുലിയന്നൂർ ക്ഷീരോത്പാദക സഹകരണ സംഘത്തിന്റെ പുതിയ വിവരങ്ങൾ അടങ്ങിയ പാസ് ബുക്ക് പരിശോധനയ്ക്ക് ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയിട്ടില്ല.

ക്ഷീരകർഷകരുടെ അക്കൗണ്ടുകളിലേയ്ക്ക് മാറ്റുന്നതിന് സാധിയ്ക്കാത്ത സബ്സിഡിതുക തിരിച്ച് സഞ്ചിതനിധിയിലേയ്ക്ക് അടവാക്കേണ്ടതാണ്. തുക തിരിച്ചടച്ച രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ആയതുവരെ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ:4 തിയ്യതി:11-08-2017)

## 3-9 മെഡിക്കൽ ഓഫീസർ,പി.എച്ച്.സി. നടപ്പിലാക്കിയ പ്രോജക്ട് - മാർഗ്ഗനിർദ്ദേശത്തിന്റെ ലംഘനം

പ്രോജക്ട് നമ്പർ:120/2017 സമഗ്ര ആരോഗ്യ വികസനം

ട്രഷറി ബിൽ നമ്പർ:1/2016-17 dt.30-09-2016 തുക:₹31,150/-

5/2016-17 dt28-01-2017 തുക:₹69,422/-

6/2016-17 dt.17-02-2017 തുക:₹21,970/-

9/2016-17 dt.23-03-2017 തുക:₹31,400/-

14/2016-17 dt.29-03-2017 തുക:₹71,058/-

ആകെ:₹2,25,000/-

I) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി (2012-17) 2016-17 വാർഷിക പദ്ധതി, തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ, 11-01-2016ലെ സർക്കാർ ഉത്തരവ്(എം.എസ്)നമ്പർ: 4/2016/ തസ്വഭവ, ഖണ്ഡിക11-7-(vii)-പ്രകാരം,"രോഗ പ്രതിരോധ പ്രവർത്തനങ്ങൾ, സർവ്വേകൾ, മറ്റ് വിവരശേഖരങ്ങൾ, സാധാരണ ശുചികരണ പ്രവർത്തനങ്ങൾക്ക് പുറമേ നടത്തേണ്ടിവരുന്ന പ്രത്യേക സമയങ്ങളിലെ ശുചീകരണ പ്രവർത്തനങ്ങൾ എന്നിവ ആരോഗ്യ വകുപ്പിലെ ഫീൽഡ് ജീവനക്കാർ, ആശാ വർക്കർമാർ, എന്നിവരിലൂടെയും, എൻ.എച്ച്.എം. പരിപാടികൾ വാർഡ് തല ആരോഗ്യ-ശുചീകരണ-പോഷണ സമിതികൾക്കു ലഭിയ്ക്കുന്ന വിവിധ ഫണ്ടുകൾ എന്നിവ ഉപയോഗപ്പെടുത്തിയും ചെയ്യേണ്ടതാണ്" എന്നും, അനുബന്ധം:15 ഖണ്ഡിക7.7 പ്രകാരം ഉത്പാദനപരമല്ലാത്ത പരിപാടികളായ ബോധവൽക്കരണ ക്യാമ്പയിനുകൾ തുടങ്ങിയവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കുവാൻ പാടില്ല എന്നും വ്യക്തമാക്കിയിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ മേൽ പറഞ്ഞ പ്രോജക്ടിന്റെ ഭാഗമായി താഴെ പട്ടികപ്പെടുത്തിയ ചെലവുകൾ നടത്തിയത് മാർഗ്ഗരേഖ ലംഘനമാണ്.

| ക്രമ നം. | ചെലവിന്റെ വിവരം | ബിൽ നമ്പർ | തുക |
|---|---|---|---|
| 1 | ആശാ വേയ്ജസ് | 5/2016-17 dt.28-01-2017 | 41,235 |
| 2 | D&O Transporation (21-01-2017) | 6/2016-17 dt.17-02-2017 | 750 |
| 3 | D&O Transporation | 9/2016-17 dt.23-03-2017 | 5250 |

| | |
|---|---|
| ആകെ | 47,235 |

II) പ്രിന്റിംഗ് ജോലികൾക്കായി വൻതുക ചെലവഴിച്ചു - പ്രോക്യൂർമെന്റ് മാന്വൽ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

പ്രോജക്റ്റിൽ നിന്നും 2016-17 വർഷത്തിൽ 'Arnos Printers & Publishers, Arnos Nagar, Velur, Thrissur' എന്ന സ്ഥാപനത്തിൽ നിന്നും താഴെ പട്ടികപ്പെടുത്തിയപ്രകാരം വേലൂർ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലും വിവിധ പ്രിന്റിംഗ് ജോലികൾക്കായി തുക അനുവദിച്ചിട്ടുള്ളതാണ്.

| ക്രമ നം. | ബിൽ നം. | തിയ്യതി | വിവരണം | തുക(₹) | ട്രഷറി ബിൽ നം: |
|---|---|---|---|---|---|
| 1 | 9108 | 30-09-2016 | Banner | 360 | 5/2016-17 dt28-01-17 |
| 2 | 9110 | 30-09-2016 | Forms Aedes | 2320 | -do- |
| 3 | 9109 | 30-09-2016 | Clorination Form | 2320 | -do- |
| 4 | 9111 | 15-11-16 | Banner | 200 | 6/2016-17 dt17-02-17 |
| 5 | 9112 | 05-12-16 | AIDS Flex | 200 | -do- |
| 6 | 9113 | 10-12-16 | Healthy Kerala Cloth Banner | 675 | -do- |
| 7 | 9118 | 19-01-17 | Notice & Flex | 3360 | -do- |
| 8 | 9116 | 18-01-17 | Notice | 735 | -do- |
| 9 | 9121 | 11-03-17 | Banner Suchitham | 360 | 9/2016-17 dt23-03--17 |
| 10 | 9120 | 17-02-17 | Printing NCD Register | 2000 | -do- |
| 11 | 9123 | 16-03-17 | Printing NCD Book | 10000 | -do- |
| 12 | 9125 | 23-03-17 | Printing Materials | 1050 | 14/2016-17 dt29-03--17 |
| 13 | 9127 | 24-03-17 | Printing Flex Board | 16500 | -do- |
| 14 | 9124 | 22-03-17 | Printing Migrants Health Card | 1950 | -do- |
| 15 | 9126 | 23-03-17 | Printing NCD Flex Board | 9750 | -do- |
| ആകെ | | | | 51780 | |

തുക അനുവദിച്ചതുസംബന്ധിച്ച് താഴെ പറയുന്ന അപാകതകൾ കാണുന്നു.

a) പ്രിന്റിംഗിന് മൊത്തം 50,000/- രൂപയിൽ കൂടുതലുള്ള പ്രവർത്തിയായിട്ടും, പ്രോക്യൂർമെന്റ് മാന്വലിൽ നിർദ്ദേശിച്ചവിധം ക്വട്ടേഷൻ നടപടിക്രമം പാലിച്ചിട്ടില്ലാത്തതാണ്

b) പ്രിന്റിംങ്ങ് പ്രവർത്തികളിലധികവും ബോധവൽക്കരണ ക്യാമ്പയിനുകൾക്കാവശ്യമായ ഫ്ലക്സ് പ്രിന്റിംങ്ങ്, നോട്ടീസ് മുതലായവയായതിനാൽ ആയത് മേൽ പരാമർശിച്ചവിധം മാർഗ്ഗരേഖ നിർദ്ദേശത്തിന് വിരുദ്ധമായതാണ്.

c) പ്രിന്റിംഗ് പ്രസ് ഉടമകളിൽ നിന്നും കേരള വാറ്റ് ചട്ടങ്ങൾ അനുശാസിക്കും വിധത്തിലുള്ള ബില്ല് അല്ല വാങ്ങിയിട്ടുള്ളത്.

d) ബന്ധപ്പെട്ടവരുടെ കൈപ്പറ്റ് രശീതി, ട്രഷറി വഴി നേരിട്ട് ട്രാൻസ്ഫർ ചെയ്തതാണെങ്കിൽ, UTR നമ്പർ സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ രേഖ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതാണ്.

III) കോൺട്രാക്ട് ക്യാരേജ് വാടകയ്ക്കെടുത്തയിനത്തിൽ ആദായനികുതി ഈടാക്കിയിട്ടില്ല

പ്രോജക്ടിൽ നിന്നും 2016-17 വർഷത്തിൽ, മോട്ടോർ ക്യാരേജ് ശ്രീ.വി.ബി.രവീന്ദ്രൻ, വട്ടപറമ്പിൽ വീട്, വേലൂർ എന്നവർക്ക് താഴെ പട്ടികപ്പെടുത്തിയപ്രകാരം വേലൂർ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ വിവിധ ആവശ്യങ്ങൾക്കായി വാടകയ്ക്കെടുത്തയിനത്തിൽ തുക അനുവദിച്ചിട്ടുള്ളതാണ്.

| ക്രമ നം. | ട്രഷറി ബിൽ നമ്പർ | അനുവദിച്ച തുക |
|---|---|---|
| 1 | 1/2016-17 dt.30-09-2016 | 23,250 |
| 2 | 5/2016-17 dt28-01-2017 | 8,250 |
| 3 | 6/2016-17 dt.17-02-2017 | 11,250 |
| 4 | 9/2016-17 dt.23-03-2017 | 17,250 |
| ആകെ | | 60,000 |

തുക അനുവദിച്ചതുസംബന്ധിച്ച് താഴെ പറയുന്ന അപാകതകൾ കാണുന്നു.

a) ആകെ 50,000/- രൂപയിൽ കൂടുതൽ തുകയ്ക്കുള്ള പ്രവർത്തിയായിട്ടും പ്രൊക്യൂർമെന്റ് മാന്വലിൽ നിർദ്ദേശിച്ച വിധം ക്വട്ടേഷൻ നടപടിക്രമം പാലിച്ചിട്ടില്ല.

b) പ്രോജക്ട് പ്രകാരം രോഗ പ്രതിരോധ പ്രവർത്തനത്തിനായി വണ്ടി വാടകയിനത്തിൽ ചെലവു ചെയ്ത തുകയുടെ ആധികാരികത പരിശോധിക്കുന്നതിന് Immunisation Register പരിശോധനയ്ക്കായി ഹാജരാക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും, ആകെയുള്ള ആറ് സബ്സെന്ററുകളിൽ രണ്ടെണ്ണത്തിന്റെ മാത്രമേ, Immunisation Register പരിശോധനയ്ക്കായി ഹാജരാക്കിയുള്ളൂ.

c)ശ്രീ.രവീന്ദ്രന്റെ സ്റ്റാമ്പ് പതിച്ച കൈപ്പറ്റ് രശീതി, ട്രഷറി വഴി നേരിട്ട് ട്രാൻസ്ഫർ ചെയ്തതാണെങ്കിൽ, UTR നമ്പർ സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ രേഖ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതാണ്.

IV) ട്രഷറി ബിൽ നമ്പർ: 14/2016-17 dt29-03-17 മുഖേന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും, വേലൂർ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലേയ്ക്ക് മരുന്നും, ആശുപത്രി ഉപകരണങ്ങളും വാങ്ങിയയിനത്തിൽ തുക അനുവദിച്ചിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നുള്ള കൈപ്പറ്റ് രശീതികൾ, ട്രഷറി വഴി നേരിട്ട് ട്രാൻസ്ഫർ ചെയ്തതാണെങ്കിൽ, UTR നമ്പർ സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ രേഖ എന്നിവ

പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതാണ്.

a)കാരുണ്യ ഫാർമസി: തുക ₹11,500

b) Alko Scientific Systems, Near Medical College, Peringandoor : തുക ₹12,089

c) Universal Agencies, Palakkal Angadi Thrissur : തുക ₹13,800

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ പ്രോജക്ട് പ്രകാരം ചെലവഴിച്ച ₹1,96,404 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇതു സംബന്ധിച്ച 17-08-2017ലെ ഓഡിറ്റ് എൻക്വയറി നമ്പർ:14ന് മറുപടി നല്കിയിട്ടില്ലാത്തതാണ്.

## 3-10 ചെറുകുന്ന് കുടിവെള്ളപദ്ധതി: അപാകതകൾ.

2016-17 വർഷത്തിൽ തുടരുന്ന ചെറുകുന്ന് കുടിവെള്ളപദ്ധതിയുടെ അവസാന ബിൽ തുകയായ 55940/രൂപ (ട്രഷറി ബിൽനം 36/16-17തിയ്യതി 31-3-17) കൺവീനർ ശ്രീ.എ.എ അനിൽകുമാറിന് നൽകി. പ്രസ്തുത പ്രവൃത്തിക്ക് ആകെ നൽകിയ രൂപ 418690/-. കൺവീനർ ശ്രീ.എ.എ അനിൽകുമാറിന് നൽകിയ ബിൽ തുകയും ടിയാൻ ഹാജരാക്കിയ യഥാർത്ഥ ബില്ലുകളും തമ്മിൽ 6956 രൂപയുടെ വ്യത്യാസമുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| Purchased from | Item | Cash bill and date | Amount |
|---|---|---|---|
| Barath pumps and pipes | Motor accesories | 033/1-3-16 | 88355 |
| Lachoos electricals | electricals | 044/6-3-16 | 5000 |
| GWD | Site investigation fee | 38502/252/16 | 1750 |
| Shinto construction work | Ready made pump house | 112/1-3-16 | 30,000 |
| GWD estimate | Borewell charge | dgt.513/16dt 9-3-16 | 40310 |
| KSEB kechery | Electrical connection charge | 169/30-3-16 | 55940 |
| - | Treching 770mtr@111 | - | 84279 * |
| - | Supply 63mm dia pvc 770 @126.65 | - | 96127.35 * |
| - | GI pipes | - | 9973 * |
| - | - | Total | 411734 |

ആകെ ചെലവ് 411734/- കൺവീനർക്ക് നൽകിയതുക 418690/- (15-16&16-17). അധികം നൽകിയ തുക 6956 ഉത്തരവാദിയായവരിൽനിന്ന് ഈടാക്കേണ്ടതാണ്. * അവസാന മൂന്ന് ഇനങ്ങളുടെ ബിൽ ഹാജരാക്കിയിട്ടില്ല. പ്രസ്തുത പ്രവൃത്തി ആസ്തി രജിസ്റ്ററിൽ ചേർത്ത് കാലികമാക്കേണ്ടതാണ്.

മേൽ അപാകതകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി അറിയിക്കേണ്ടതാണ്.

## 3-11 പ്രവൃർത്തി പൂർത്തീകരണം അനുവദനീയമായ കാലത്തിനുശേഷം: ദീർഘീകരണകാലത്തെ പിഴ ഈടാക്കാതെ ബിൽ സെറ്റ് ചെയ്തു കാണുന്നു.

കേരള പൊതുമരാമത്ത് വകുപ്പ് മാന്വവൽ 2012 സെക്ഷൻ 2112-1 പ്രകാരം ദീർഘീകരണം ലഭ്യമാക്കാതെ പൂർത്തികരണകാലവധിക്കുശേഷം നിർവഹിച്ച പ്രവർത്തികളിന്മേൽ നിയമാനുസൃത പിഴ ഈടാക്കാൻ വ്യവസ്ഥയുണ്ട്. എന്നാൽ പിഴ ഈടാക്കാതെ ബിൽ സെറ്റിൽ ചെയ്തതുമൂലം സ്ഥാപനത്തിന് ഉണ്ടായ നഷ്ടം ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി | ആകെ പ്രവൃത്തിമൂല്യം | എം.ബി. | കരാർ വെച്ചതിയതി | സൈറ്റ് ഏറ്റെടുത്ത തിയ്യതി. | പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി പൂർത്തികരിച്ചതിയ്യതി |
|---|---|---|---|---|---|---|
| 1 | ബോർവെൽ പമ്പ് ഹൗസ് പൈപ്പ് ലൈൻ സ്ഥാപിക്കൽ 29/17,200000 /N.V.Chandran | 200000 | 118/16-17 | 93/AE/15-16,3-3-16 | 3/3/16 | 3 മാസം/ 28.3.17 |
| 2 | ലിസ്യഭവൻ കുടിവെള്ളപദ്ധതി 27/17കൺവീനർ. അശോകൻ, അടങ്കൽ200000 | 152851 | 234/15-16 | 87/AE/15-16,17-2-16 | 17/2/16 | 3 മാസം/21.2.17 |
| 3 | കൊട്ടുവള്ളികുളം പരിസരം ഓപ്പൺ കിണർ മോട്ടോർപൈപ്പ് ലൈൻസ്ഥാപിക്കൽ N V Girish, 600000 | 564864 | 231/15-16 | 89/AE/15-16,17-2-16 | 17/2/16 | 3 മാസം/7.6.16 |
| 4 | സബ് സെന്ററിന്റെ റിപ്പയർ49/16നന്ദനൻ എം. കരാറുകാരൻ, 300000 | 298177 | 235/15-16 | 64/AE/14-15,26-2-15 | 26/2/15 | 3 മാസം/21.3.17 |
| 5 | പി,എച്ച്.സി കെട്ടിടം മെയിൻറനൻസ്20/17 450000.കരാറുകാരൻ. | 420333 | 224/15-16 | 59/AE/LSGD /14-16,27-1-16 | 27/1/16 | 3 മാസം/30.11.16 |

| | | | | | | |
|---|---|---|---|---|---|---|
| | അനിരുദ്ധൻ ടി.എൻ | | | | | |
| 6 | കുറവന്നർ തോട് സൈഡ് കെട്ടൽ12/17കൺവീനർ. ഗോപകുമാർ എൻ. | 184463 | 234/15-16 | 73/AE/14-15,19-3-13 | 19/3/13 | 3 മാസം/30.11.16 |

പിഴ ഈടാക്കാതെ ബില്ലുകൾ സെറ്റിൽ ചെയ്ത സമാന മറ്റ മരാമത്തു ബില്ലുകളിൽ നിന്നുകൂടി ആയത് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## 3-12 തൊഴിലുറപ്പ് പദ്ധതി:റോഡ് കോൺക്രീറ്റ് പ്രവൃത്തികളിൽ വേതന/സാധന ഘടകത്തിൽ 60:40 എന്ന അനുപാതം പാലിക്കപ്പെട്ടില്ല. അവിദഗ്ധ തൊഴിലാളികളുടെ തൊഴിൽ സാധ്യത നഷ്ടപ്പെടുത്തുന്നു

ഓരോ ഗ്രാമപഞ്ചായത്തിനും വേതന/സാധനഘടകങ്ങൾ 60:40 എന്ന അനുപാതത്തിൽ നിലനിൽക്കത്തക്കരീതിയിൽ റോഡ് കേൺക്രീറ്റ് പണികൾ ഏറ്റെടുക്കാൻ 24/6/15 ലെ സ.ഉ(കൈ)212/15 എൽ.എസ്.ജി.ഡി പ്രകാരം ഉത്തരവുള്ളതാണ്. 2016-17 സാമ്പത്തികവർഷം 38 റോഡ് കോൺക്രീറ്റ് പണികൾക്ക് അംഗീകാരം ലഭിച്ചതിൽ മുപ്പത്തിയാറ് എണ്ണം പൂർത്തികരിച്ചതിൽ ഒട്ടുമിക്ക പ്രവൃത്തികളിലും വേതന സാധനഘടകങ്ങൾ തമ്മിലുള്ള 60:40 എന്നഅനുപാതം പാലിക്കപ്പെട്ടിട്ടില്ല. ആകെ പ്രവൃത്തിമൂല്യത്തിന്റെ കേവലം വളരെ കുറഞ്ഞ ശതമാനം മാത്രമാണ് അവിദഗ്ധ തൊഴിലാളികളുടെ കൂലിയിനത്തിൽ ചെലവഴിക്കപ്പെടുന്നത്. ഇത് തൊഴിലുറപ്പ് പദ്ധതിയുടെ അന്തസത്ത ഇല്ലാതാക്കുന്നതാണ്. ചില ഉദാഹരണങ്ങൾ താഴെ പറയുന്നു.

| പ്രേജക്ട് നമ്പർ | പ്രവൃത്തി | അടങ്കൽ | ആകെ ചെലവ് | അവിദഗ തൊഴിലാളികളുടെ കൂലിയിനത്തിൽ ചെലവ് | മസ്റ്റർ റോൾനമ്പർ |
|---|---|---|---|---|---|
| 252/17 | വെള്ളാറംകുളം വഴി കോൺക്രീറ്റിങ്ങ് | 500000 | 456906 | 12240 | 6170 |
| 251/17 | വാകയിൽമുഹമ്മദ്കുട്ടിവീട്മുതൽചാലകത്ത് രുഗ്മണി വീട് വരെ കോൺക്രീറ്റിങ്ങ് | 500000 | 439323 | 12720 | 6889 |
| 102/17 | പി.എച്ച്.സി. പിൻവശം റോഡ് കോൺക്രീറ്റിങ്ങ് | 500000 | 481621 | 27600 | 7840 |
| 85/17 | പൂക്കാട്ടുമുക്ക് റോഡ് കോൺക്രീറ്റിങ്ങ് | 475000 | 390265 | 7200 | 7842 |
| 174/17 | വാർഡ് പത്തിലെ കുറുമാൽ കിരാലൂർ റോഡിൽ നിന്ന് പ്രിയദർശിനി ക്ലബ് വഴി നാരങ്ങവളപ്പിലെ റോഡ് കോൺക്രീറ്റിങ്ങ് | 350000 | 332152 | 16800 | 7876 |

സർക്കാർ നിർദ്ദേശങ്ങൾ മറികടന്ന് ചെലവ് നടത്താനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

## 3-13 ടെണ്ടർ ഷെഡ്യൂൾ വാങ്ങാത്ത കരാറുകാരുടെ ടെണ്ടർ അംഗീകരിച്ചു. ചെലവുതുക നിരാകരിക്കുന്നു.

വേലൂർ ഗ്രാമപഞ്ചായത്ത് ഹെഡ് വൈസ് റിപ്പോർട്ട് ഓഫ് ടെണ്ടർ ഫോംസ് (1/4/16 to31/3/17) പരിശോധിച്ചതിൽ ടെണ്ടർ ഷെഡ്യൂൾ വാങ്ങാത്ത കരാറുകാരുടെ ടെണ്ടർ അംഗീകരിച്ച് പ്രവൃത്തി ഏൽപ്പിച്ച് കൊടുത്തതായി പരിശോധനയിൽ കണ്ടു. വിശദാംശങ്ങൾ താഴെപറയുന്നു.

| ദർഘാസ്/ | ദർഘാസ് | പ്രവൃത്തിയുടെ | ഏറ്റെടുത്ത |
|---|---|---|---|

| ഷെഡ്യൂൾ സമർപ്പിക്കേണ്ട അവസാന തിയ്യതി. | വിളിച്ചആകെ പ്രവൃത്തികളുടെ എണ്ണം. | പേർ | കരാറുകാരൻ |
|---|---|---|---|
| A6-2570/16 dt22.12.16, 6/1/2017 | 25 | 77/17കുറുമാൽ നാരങ്ങവളപ്പിൽ മാക്യേത്ത് വഴി റോഡ്. | ഇ.എസ് വിൽസൺ (13/1/17ലെ 4 നമ്പർ പഞ്ചായത്ത് തീരുമാനം) |
| A6/2570/16 dt19.1.17, 3/2/17, 13/2/17 | 12 | 176/17 പുലിയന്നൂർ വായനശാല ലിങ്ക് റോഡ് 175/17പറകുന്ന് അമ്പലം റോഡ് | നന്ദനൻ.എം. നന്ദനൻ.എം. |

മേൽ മൂന്ന്പ്രവൃത്തിക്കുവേണ്ടി തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ താഴെപറയുന്നു.

| പ്രവൃത്തി | കരാർ | എം.ബി | ആകെപ്രവൃത്തിമൂല്യം | ബിൽനംതിയ്യതി |
|---|---|---|---|---|
| കുറുമാൽ നാരങ്ങവളപ്പിൽ മാക്യേത്ത് വഴി റോഡ് | 46/AE/LSGD /VLR/16-17dt27/1/17 | 276/16-17 | 497224 | 41/16-17 dt31/3/17 |
| പുലിയന്നൂർ വായനശാല ലിങ്ക് റോഡ് | 88/AE, dt. 9/3/17 | 297/16-17 | 145000 | 56/16-17dt31-3-17 |
| പറകുന്ന് അമ്പലം റോഡ് | 87/AE/LSGD /VLR/16-17dt9-3-17 | - | 158260 ആകെ 800484 | 61/16-17dt31/3/17 |

ഷെഡ്യൂൾ വാങ്ങാത്ത കരാറുകാരെ മൽസരത്തിൽ പങ്കെടുപ്പിച്ച് പ്രവൃത്തി ഏൽപ്പിച്ചുനൽകുന്നതിന് വ്യവസ്ഥ ഇല്ലാത്തതിനാൽ വിശദീകരണം ലഭ്യമാക്കുന്നതുവരെ ചെലവഴിച്ച തുക 8,00,484/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഗുരുതരമായ കൃത്യവിലോപമായി കണ്ട് മേൽ വസ്തുതകളിലേക്ക് ഭരണവകുപ്പിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 3-14 മത്സരസ്വഭാവം പാലിച്ചില്ല. ഷെഡ്യൂൾ സമർപ്പിച്ച കരാറുകാരന്റെ ഏക ടെണ്ടർ അംഗികരിച്ചു

20പ്രവൃത്തികൾക്ക് A6 2570/15 dt 17/11 /16(last date of receipt of tender schedule is 25/11/16) പ്രകാരം ദർഘാസ് പരസ്യം വിളിച്ചതിൽ ടെണ്ടർ സമർപ്പിച്ച താഴെപറയുന്ന കരാറുകാരുടെ ഏക ടെണ്ടറുകൾ അംഗികരിച്ചു.

| പ്രവർത്തി | കരാറുകാരന്റെ പേര് | നിരക്ക്. |
|---|---|---|
| ക്രമനമ്പർ 17ലിസ്യഭവൻ റോഡ്-മെറ്റലിങ്ങ്-ടാറിങ്ങ്- | നന്ദനൻ എം. | എസ്റ്റിമേറ്റ് |

| | | |
|---|---|---|
| ക്രമ നമ്പർ 3- കരിശ്ശുപള്ളി റോഡ് സോളിങ്ങ് | വി.വി ചാക്കുണ്ണി | എസ്റ്റിമേറ്റ് |
| ക്രമ നമ്പർ 5 തയ്യൂർ അറങ്ങാശേരി കരിശ്ശുപള്ളി<br><br>റോഡ് റീടാറിങ്ങ് | നന്ദനൻ എം. | എസ്റ്റിമേറ്റ് |
| ക്രമ നമ്പർ 6 അയ്യപ്പൻകാവ് പള്ളിറോഡ് റീടാറിങ്ങ് | നന്ദനൻ എം. | എസ്റ്റിമേറ്റ് |
| ക്രമ നമ്പർ 10 ആറംമ്പള്ളി വായനശാല റോഡ്. റീടാറിങ്ങ് | പി. ഒ ബൈജു. | എസ്റ്റിമേറ്റ് |

മത്സര സ്വഭാവം പ്രോൽസാഹിപ്പിക്കാതെ, ഷെഡ്യൂൾ വാങ്ങി സമർപ്പിച്ച കരാറുകാരന്റെ ഏകടെണ്ടർ അംഗീകരിച്ച് പ്രവൃത്തി ഏൽപ്പിച്ചു നൽകിയതിന് നിയമം അനുവദിക്കാത്ത സാഹചര്യത്തിൽ ഏക ടെണ്ടർ അംഗീകരിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-15 ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ പ്രവൃത്തികൾ. വിശദാംശങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

സംസ്ഥാന ആസൂത്രണ ബോർഡ് 1999 ൽ പ്രസിദ്ധീകരിച്ച ഗുണഭോക്തൃസമിതി മാർഗ്ഗരേഖയും തുടർന്ന് പുറത്തിറങ്ങിയ ഉത്തരവുകളും പ്രകാരം ഗുണഭോക്തൃസമിതി മുഖേന പ്രവൃത്തികൾ നടപ്പാക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല ഈ വ്യവസ്ഥകൾ കൺവീനറുമായി ഏർപ്പെട്ട കരാറിലും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തൻവർഷം ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ കുടിവെള്ളപ്രവൃത്തികളിൽ താഴെ പറയുന്ന വിശദാംശങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

a. കുടിവെള്ളപ്രവൃത്തികളുടെ തുടർ പ്രവൃത്തനങ്ങൾ സമിതിയെ ഏൽപ്പിച്ചുനൽകിയ കരാർ.

b. മസ്റ്റർ റോൾ, വരവ് ചെലവ് കണക്കുപുസ്തകം.

c.പണമിടപാടുകൾ ഗുണഭോക്തൃസമിതി ചെയർമാന്റെയും കൺവീനറുടേയും പേരിൽ ആരംഭിക്കുന്ന ജോയിന്റ് അക്കൗണ്ടിൽക്കൂടി നടത്തിയതിന്റെയും ക്രഡിറ്റ് ചെയ്യപ്പെട്ടതിന്റെയും പകർപ്പുകൾ ലഭ്യമാക്കേണ്ടതാണ് . ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവർത്തിയുടെ പേര് | പ്രവർത്തി മൂല്യം | കൺവീനർ |
|---|---|---|---|
| 1 | തെക്കെകര കുടിവെള്ളപദ്ധതിപൈപ് ലൈൻ നീട്ടൽ 167/16 | 550977 | കുഞ്ഞച്ചൻ.എ.ഡി |
| 2 | തെക്കെകര കുടിവെള്ളപദ്ധതിപൈപ് ലൈൻ നീട്ടൽ 141/17 | 58000 | ഫ്രാൻസിസ്.ഒ.കെ |
| 3 | ചെറുകുന്ന് കോളനി കുടിവെള്ളപദ്ധതി8/17 | 943396 | കെ.കെ.രാധാകൃഷ്ണൻ |
| 4 | ചെറുകുന്ന് കോളനി കുടിവെള്ളപദ്ധതി ബോർവെൽ,മോട്ടോർ,പമ്പ്ഹൗസ്,പൈപ് ലൈൻ നീട്ടൽ 30/17 | 418690 | എ.എ..അനിൽകുമാർ |
| 5 | ചെറുകുന്ന് കോളനി കുടിവെള്ളപദ്ധതി പൈപ് ലൈൻ നീട്ടൽ 167/17 | 150000 | കെ.പി. തോമസ് |
| 6 | കൊട്ടുവള്ളി കുളം പരിസരം ഓപ്പൺ കിണർ 165/16 | 560496 | ഗിരീഷ്. കെ.വി. |
| 7 | കൊട്ടുവള്ളി കുളം പരിസരം ഓപ്പൺ കിണർ പൈപ് ലൈൻ നീട്ടൽ 170/17 | 78631 | സന്തോഷ് പി. |
| 8 | ലിസിഭവൻ കുടിവെള്ളപദ്ധതിപൈപ് ലൈൻ നീട്ടൽ 168/16 | 200000 | അശോകൻ ടി.വി |

| | | | |
|---|---|---|---|
| 9 | ലിസിഭവൻ കുടിവെള്ളപദ്ധതിപൈപ് ലൈൻ നീട്ടൽ173/17 | 150000 | ഫ്രാൻസിസ് പി.എ |

ഗുണഭോക്തൃസമിതി മുഖേനയുള്ള പ്രവൃത്തികൾ സർക്കാർ നിർദ്ദേശങ്ങൾക്കു വിധേയമായിരുന്നു എന്ന് നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്.

## 3-16 അംഗീകാരം ലഭിച്ച പ്രോജക്ട് ഉപേക്ഷിക്കുന്നു; ഇതുമൂലം മറ്റ് മേഖലകളിൽ ചെലവഴിക്കാനുള്ള പദ്ധതി പണം ഉപയോഗപ്പെടുത്തുന്നതിനുള്ള സാധ്യത നഷ്ടപ്പെടുത്തുന്നു

2016-17 സാമ്പത്തിക വർഷം അംഗികരിച്ച 125പ്രോജക്ടുകളിൽ 79 പ്രോജക്ടുകൾ മാത്രമെ പൂർത്തീകരിക്കാൻ കഴിഞ്ഞത്. 2017-18 ലേക്ക് സ്പിൽ ഓവറായി 46 പ്രോജകടുകൾ ശേഷിക്കുന്നു. അംഗികാരം ലഭിച്ച പ്രോജക്ട് ഉപേക്ഷിക്കുന്നത് മറ്റ് മേഖലകളിൽ ചെലവഴിക്കാനുള്ള പദ്ധതി പണം ഉപയോഗപ്പെടുത്തുന്നതിനുള്ള സാധ്യത നഷ്ടപ്പെടുത്തുന്നു. ഇക്കാര്യത്തിലേക്ക് ഭരണവകുപ്പിന്റെ ശ്രദ്ധക്ഷണിക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് (ചൊവ്വന്നൂർ) | 2016-17 | 2,75,383 | ക്ഷീര കർഷകർക്ക് ധന സഹായം | 2,75,383 | ഇല്ല |
| ബ്ലോക്ക് പഞ്ചായത്ത് (ചൊവ്വന്നൂർ) | 2016-17 | 2,50,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 2,50,000 | ഇല്ല |
| ജില്ലാ പഞ്ചായത്ത് | 2016-17 | 2,50,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 2,50,000 | ഇല്ല |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ | പ്രവൃത്തിയുടെ | വൗച്ചർ | മുൻകൂർ | ചെലവഴിച്ച | ചെലവഴിക്കാൻ |
|---|---|---|---|---|---|

| ഏജൻസി | പേര് | നമ്പർ/ ചെക്ക് നം. | നൽകിയ തുക | തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ നീട്ടുന്നതിന് | ട്രഷറി ബിൽ നമ്പർ: 42/2016-17 & 43/2016-17 dt.31-03-2017 | 7,02,621 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | |
| കെ.എസ്.ഇ.ബി | പോസ്റ്റ് മാറ്റുന്നതിന് | ട്രഷറി ബിൽ നമ്പർ: 44/2016-17 & 46/2016-17 dt.31-03-2017 | 95,587 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 37,100 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2014-15 | 2 | 1,000 | പ്രൊഫഷണൽ ടാക്സ് | 11603100896 തിയ്യതി: 05-07-16 |
| 2014-15 | 3-15 | 2,800 | രമാ രാമചന്ദ്രൻ കുന്നത്ത് ഹൗസ്,വേലൂർ | 11603101449 തിയ്യതി: 05-07-16 |
| 2014-15 | 3-15 | 6,000 | ആലീസ് ജോണി, കുളങ്ങര ഹൗസ്, പാത്രമംഗലം | 11603101460 തിയ്യതി: 07-07-16<br>11603101731 തിയ്യതി: |

| | | | | |
|---|---|---|---|---|
| | | | | 08-08-16<br>11603104130 തിയ്യതി: 01-02-17<br>11603102549 തിയ്യതി: 06-10-16 |
| 2014-15 | 3-15 | 7,700 | സരസ്വതി, D/o.നാരായണൻ കുന്നത്ത് ഹൗസ് | 11603101477 തിയ്യതി: 07-07-16<br>11603101816 തിയ്യതി: 17-08-16<br>11603102022 തിയ്യതി: 07-09-16<br>11603103858 തിയ്യതി: 10-01-17<br>11603105103 തിയ്യതി: 03-03-17 |
| 2014-15 | 3-15 | 4,700 | വിനോദിനി വാഴക്കോട്ടുവളപ്പിൽ, തോന്നല്ലൂർ | 11603101489 തിയ്യതി: 11-07-16 |
| 2014-15 | 3-15 | 4500 | ഉഷ പുരുഷോത്തമൻ, തിരുത്തിയിൽ വീട്, വേലൂർ | 11603101509 തിയ്യതി: 12-07-16<br>11603101803 തിയ്യതി: 16-08-16<br>11603102100 തിയ്യതി: 22-09-16<br>11603102621 തിയ്യതി: 15-10-16 |
| 2014-15 | 3-15 | 1,000 | ലിസി ഐസക്ക്, പുത്തുക്കര,കുറുമാൽ | 11603102069 തിയ്യതി: 19-09-16 |
| 2014-15 | 3-15 | 1,000 | വസുമതി ദാമോദരൻ, പിള്ളാട്ടിൽ, വേലൂർ | 11603400066 തിയ്യതി: 08-03-17 |
| 2014-15 | 3-16 | 8,400 | ത്രേസ്യ പൊറിഞ്ചു, അറങ്ങാശ്ശേരി | 11603101631 |

| | | | | |
|---|---|---|---|---|
| | | | ഹൗസ് | തിയ്യതി: 20-07-16 |
| ആകെ | | 37,100 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,87,71,662-00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,69,15,463-00 |
| വരവിനങ്ങളിലുള്ള നഷ്ടം | 19,507 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 34288 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1729901 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-3 | 9200 | - | ശ്രീ. ടി.പി.കുര്യൻ സെക്രട്ടറി, വേലൂർ ഗ്രാമപഞ്ചായത്ത് |
| | 600 | - | ശ്രീമതി. മിനി.വി, അസി.സെക്രട്ടറി, (സെക്രട്ടറി ഇൻ-ചാർജ്), വേലൂർ ഗ്രാമപഞ്ചായത്ത് |
| | 4890 | - | ശ്രീമതി. ശ്രീകല.വി.ജി. സെക്രട്ടറി, വേലൂർ ഗ്രാമപഞ്ചായത്ത് |
| 2-6 | 2112 | - | ശ്രീ. ടി.പി.കുര്യൻ സെക്രട്ടറി, വേലൂർ ഗ്രാമപഞ്ചായത്ത് |
| | 1110 | - | ശ്രീമതി. മിനി.വി, അസി.സെക്രട്ടറി, (സെക്രട്ടറി ഇൻ-ചാർജ്), വേലൂർ ഗ്രാമപഞ്ചായത്ത് |
| | 1595 | - | ശ്രീമതി. ശ്രീകല.വി.ജി. സെക്രട്ടറി, വേലൂർ ഗ്രാമപഞ്ചായത്ത് |
| 3-4 | - | 5202 | ശ്രീമതി. മിനി.വി, അസി.സെക്രട്ടറി, വേലൂർ ഗ്രാമപഞ്ചായത്ത് |
| 3-6 | - | 2130 | ശ്രീമതി. ലിപ്സി.എം.വി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-7 | - | 20000 | ശ്രീ സജിത് തോമാസ്, വി.ഇ.ഒ |

| | | | |
|---|---|---|---|
| 3-10 | - | 6956 | ശ്രീമതി. ലീസാ.വി.എ., അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 19507 | 34288 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 32400 | ശ്രീ.സുമേഷ്.സി, കൃഷി ഓഫീസർ |
| 3-8 | 700613 | ശ്രീമതി മഞ്ജുഷ പി.വി, ഡയറി എക്സ്റ്റെൻഷൻ ഓഫീസർ |
| 3-9 | 196404 | ഡോ.സ്മിത കൊച്ചുമോൻ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-13 | 800484 | ശ്രീമതി. ലീസാ.വി.എ., അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 1729901 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ടി.പി.കുര്യൻ സെക്രട്ടറി, | സെക്രട്ടറി, എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് | പുത്തൂർ തറയിൽ വീട്, പി.ഒ. കുറ്റൂർ |
| ശ്രീമതി. ശ്രീകല.വി.ജി. സെക്രട്ടറി | സെക്രട്ടറി, വേലൂർ ഗ്രാമപഞ്ചായത്ത് | നവജീവൻ, വിദ്യാനഗർ, പാട്ടുക്കാട്, വിയ്യൂർ പി.ഒ |

| | | |
|---|---|---|
| ശ്രീമതി. ലിപ്സി.എം.വി, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, ചൂണ്ടൽ ഗ്രാമപഞ്ചായത്ത് | ലിപ്സി.എം.വി , മാട്ടുമ്മൽ വീട്, നോർത്ത് പറവൂർ, പെരുവാരം, ഏറണാംകുളം. പിൻ:683 513 |
| ശ്രീമതി. ലീസാ.വി.എ., അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ വേലൂർ ഗ്രാമപഞ്ചായത്ത് | മേക്കാട്ടുകുളം വീട്, ഒല്ലൂർ പി.ഒ, 680603 |
| ശ്രീമതി.മിനി.വി, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, വേലൂർ ഗ്രാമപഞ്ചായത്ത് | ഗീത ഭവൻ, അരവൂർ, മുണ്ടത്തിക്കോട് വെസ്റ്റ്. പി.ഒ |
| ശ്രീ.സജിത് തോമസ് എടക്കളത്തൂർ, വി.ഇ.ഒ | വി.ഇ.ഒ, പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് | എടക്കളത്തൂർ വീട്, കോളങ്ങാട്ടുക്കര |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 68-69,<br>72-73,<br>74-75,<br>75-76,<br>76-77,<br>77-78,<br>78-79,<br>79-80,<br>80-81<br>88-89<br>89-90<br>90-91,<br>92-93<br>93-94<br>94-95<br>95-96 | എൽ. എഫ്. ടി ( എസ് 2) / 816/ 11/ 29.7.11/ 30.9.11<br>എൽ. എഫ്. ടി ( എസ് 2) / 816/ 11/ 29.7.11/ 30.9.11 |
| 96-97 | എൽ .എഫ്.ടി 13- 607/98/6.2.99 |
| 97-98 | എൽ .എഫ്.ടി 13- 611/2000/14.6.2000 |
| 98-99 | എൽ .എഫ്.ടി 20- 167/01/7.6.01 |

| | |
|---|---|
| 99-00 | എൽ .എഫ്.ടി 17- 335/05/15.11.05 |
| 2000-01 ( പ്ലാൻ) & 01-02 | എൽ .എഫ്.ടി 17- 1762/03/26.2.04 |
| 01-02 (പ്ലാൻ) | എൽ .എഫ്.ടി 17- 451/06/30.3.06 |
| 03-04 | എൽ .എഫ്.ടി 17- 1116/07/7.11.07 |
| 04-05 | എൽ .എഫ്.ടി 17- 1669/08/14.6.10 |
| 05-06 | എൽ .എഫ്.ടി 17- 343/10/18.3.11 |
| 06-07 | എൽ .എഫ്.ടി 17- 344/10/18.3.2011/ 18.10.11 |
| 07-08 | എൽ.എഫ്.ടി പി 2- 1091/12/24.9.2012 |
| 08-09 | എൽ .എഫ്.ടി പി 2- 1090/12/24.9.12 |
| 09-10 | എൽ .എഫ്.ടി പി (2)- 1084/12/24.9.12 |
| 10-11 | എൽ .എഫ്.ടി പി (2)- 1085/12/24.9.12/ 02.02.13 |
| 11-12 | എൽ.എഫ്.ടിപി(6)- 1123/13/ 11.12.13/3.2.14 |
| 12-13 | എൽ .എഫ്.ടി പി (9)- 1521/14/12.1.15/ 17.3.15 |
| 13-14 | കെ.എസ്.എ.ടി.എസ്.ആർ (പി9)792/15 തിയ്യതി 15.10.15/4.11.15 |
| 14-15 | കെ.എസ്.എ.ടി.എസ്.ആർ (പി9)864/16 തിയ്യതി 01.06.16 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ (പി9)1/2017 തിയ്യതി 30-01-2017 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി.6)1370/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

തൃശ്ശൂർ-680 020

ഫോൺ- 0487 2331240

ഇ.മെയിൽ-dotsr.ksad@kerala.gov.in

തീയ്യതി: 28.11.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ വേലൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വേലൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം<br>
തൃശ്ശൂർ

No.KSA-TSR(P6)1370/2017

Office of the Joint Director of
Kerala State Audit Department,
District Audit Office
Thrissur - 680 020
Ph.No. 0487-2331249
e-mail : dotsr.ksad@kerala.gov.in

Dated 28.11.2017

# AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Velur Gramapanchayath in Thrissur District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Velur Grama Panchcyath for the year 2016-17, except the observations stated in my Audit Report properly presents the picture of income and expenditure.

Deputy Director
District Audit Office
Thrissur.